| ഫാ. തേർമഠം ഫ്രാൻസിസ് | 17.03.2006 |
| ഫാ. വടക്കേത്തല ജോസഫ് | 10.03.2020 |
| ഫാ. ചെമ്മണ്ണൂർ ജോൺ | 15.03.2020 |
| ഫാ. പാറേക്കാട്ട് ജോണി ആന്റണി | 13.03.2021 |

## ആദരാഞ്ജലികൾ



# റവ. ഫാ. ആന്റണി തെക്കിനിയത്ത് (90)

കഠിനാദ്ധ്വാനിയായ അജപാലകൻ, കർമ്മനിരതനായ വികാരി, ആത്മീയ ഗുരു എന്നിങ്ങനെ സേവനമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ആന്റണി തെക്കിനിയത്ത് 2022 ജനുവരി മാസം 27-ാം തീയതി വൈകീട്ട് 5 മണിക്ക് അന്തരിച്ചു.

തൃശ്ശൂർ അതിരൂപത പുതുക്കാട് ഇടവകയിലെ പരേതരായ കുഞ്ഞിപ്പാവു+കുഞ്ഞനം ദമ്പതികളുടെ മകനായി 1932 ജനുവരി 21 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1960 മാർച്ച് 13ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കുകാരനായി ദൈവജനത്തിനായി ലൂർദ് കത്തീഡ്രൽ ഇടവകയിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം ഇരിഞ്ഞാലക്കുട, പരിയാരം എന്നീ ഇടവകകളിൽ സഹവികാരിയായും വെള്ളാറ്റഞ്ഞൂർ, തയ്യൂർ,


തിരൂർ, വെളപ്പായ, തങ്ങാലൂർ, വല്ലച്ചിറ, പല്ലിശ്ശേരി, കുരിയച്ചിറ, എരുമപ്പെട്ടി, പാത്രമംഗലം, കടങ്ങോട്, വെള്ളറക്കാട്, തൃപയാർ, അരണാട്ടുകര, ചെവ്വൂർ, പുത്തൻപീടിക, നെല്ലിക്കുന്ന് എന്നിവിടങ്ങളിൽ വികാരിയായും തൃശ്ശൂർ ബസിലിക്ക, പഴുവിൽ എന്നിവിടങ്ങളിൽ ഫൊറോന വികാരിയായും സെന്റ് മേരീസ് ഓർഫനേജ് പ്രസ്, സെന്റ് മേരീസ് ഐ. ടി. സി. ഡയറക്ടറായും സേവനം ചെയ്തിട്ടുണ്ട്. പാസ്റ്ററൽ കൗൺസിൽ അംഗമായിരുന്ന അദ്ദേഹം പ്രസ്ബിറ്ററൽ കൗൺസിൽ അംഗം, സ്ക്കൂൾ അഡ്വൈസറി അംഗം, സ്കൂൾ ഇന്റർവ്യൂ ബോർഡ് അംഗം, വിവിധ സ്ക്കുളുകളുടെ മാനേജർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സേവനം ചെയ്ത ഇടവകകളിൽ പല നിർമ്മാണപ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയിട്ടുള്ള ബഹു. അച്ചൻ 2008 ഫെബ്രുവരി 6 മുതൽ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം 28–ാം തീയതി വെള്ളിയാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.30 വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ പൊതുദർശനത്തിന് ശേഷം മൃതദേഹം പുതുക്കാടുള്ള (കാഞ്ഞൂപ്പാടം) ജ്യേഷ്ഠ സഹോദരന്റെ മകൻ തെക്കിനിയത്ത് ലോനപ്പൻ ജോസിന്റെ വസതിയിൽ രാവിലെ 9.15 മുതൽ 10.30 വരെ പൊതുദർശനത്തിന് വച്ചു. തുടർന്ന് 10.30 ന് വീട്ടിൽ നിന്ന് ആരംഭിച്ച മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് രാവിലെ 11 മണി മുതൽ 2.30 വരെ പുതുക്കാട് ഫൊറോന പള്ളിയിൽ മൃതദേഹം പൊതുദർശനത്തിനായി വച്ചു. തുടർന്നു പള്ളിയിൽ നടന്ന മൃതസംസ്കാരശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മാർ ബോസ്കോ പുത്തൂർ പിതാവും മുഖ്യകാർമ്മികത്വം വഹിച്ചു. മൃതസംസ്കാരശുശ്രൂഷയോടനുബന്ധിച്ച് നടന്ന് വി. ബലിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

**ശാന്തവും സൗമ്യവുമായ പുണ്യജീവിതം നയിച്ച് സ്വർഗ്ഗീയ ഭവനത്തിലേക്ക് നിത്യസമ്മാനത്തിനായി യാത്രയായ തെക്കിനിയത്ത് ബഹു. ആന്റണിയച്ചന് തൃശ്ശൂർ അതിരൂപതയുടെ സ്നേഹാഞ്ജലി!**

## ആദരാഞ്ജലികൾ



# റവ. ഫാ. ആന്റണി തോട്ടാൻ (81)

കർമ്മനിരതനായ അജപാലകൻ, കരുതലുള്ള വൈദികപരിശീലകൻ, ദൈവീകത നിറഞ്ഞ ആത്മീയ ഗുരു എന്നിങ്ങനെ സേവനമേഖലയിൽ പ്രശോഭിച്ച തൃശൂർ അതിരൂപതയിലെ സീനിയർ വൈദികനായ റവ. ഫാ. ആന്റണി തോട്ടാൻ 2022 ജനുവരി മാസം 30-ാം തീയതി രാവിലെ 5.40 ന് അന്തരിച്ചു.

തൃശ്ശൂർ അതിരൂപത ലൂർദ്ദ് കത്തീഡ്രൽ ഇടവകയിലെ പരേതരായ വറീത് + അന്നമ്മ ദമ്പതികളുടെ മകനായി 1940 സെപ്തംബർ 5 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, ആലുവ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1967 ഡിസംബർ 16ന് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ ശുശ്രൂഷപൗരോഹിത്യത്തിൽ പങ്കുകാരനായി ദൈവജനത്തിനായി പാവറട്ടി, വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകകളിൽ സഹവികാരിയായി അജപാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം കുഴിക്കാട്ടുശ്ശേരി, താവളം, പറപ്പൂക്കര, അരിമ്പൂർ, അമ്മാടം, കോടന്നൂർ, പാവറ

ട്ടി, പാലാഴി, മരത്താക്കര, കോനിക്കര, സരിതപുരം, ചിറ്റാട്ടുകര, കോട ന്നൂർ, കല്ലൂർ പടിഞ്ഞാറ്, വടക്കൻ പുതുക്കാട്, ഒളരിക്കര, നെഹ്റുന ഗർ, ചൂണ്ടൽ, മുക്കാട്ടുകര, ഒല്ലൂർ മേരിമാത എന്നിവിടങ്ങളിൽ വികാരി യായും പുതുക്കാട്, വടക്കാഞ്ചേരി എന്നിവിടങ്ങളിൽ ഫൊറോന വികാ രിയായും, സെന്റ് മേരീസ് മൈനർ സെമിനാരി റെക്ടർ, സെന്റ് എവു പ്രാസ്യ അതിരൂപത തീർത്ഥകേന്ദ്രം റെക്ടർ, വൊക്കേഷൻ പ്രൊമോ ട്ടർ, എന്നീ തസ്തികകളിലും സേവനം ചെയ്തിട്ടുണ്ട്. കോളേജ് ഓഫ് കൺസൽട്ടേഴ്സിൽ അംഗമായിരുന്ന അദ്ദേഹം പ്രീസ്റ്റ് വെൽഫയർ ഫണ്ട് പ്രസിഡന്റ്, പ്രസ്ബിറ്ററൽ കൗൺസിൽ അംഗം, വിവിധ സ്ക്കുളുകളുടെ മാനേജർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2016 ഫെബ്രുവരി 3–ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ച അദ്ദേഹം 2016 മെയ് 2 മുതൽ തൃശൂർ മലബാർ മിഷനറി ബ്രദേഴ്സി ന്റെ ആദ്ധ്യാത്മിക കാര്യങ്ങളുടെ സഹായിയായും ശുശ്രൂഷ ചെയ്തു. തുടർന്ന് 2020 ഒക്ടോബർ മാസം മുതൽ സെന്റ് ജോസഫ് വൈദികമ ന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

മൃതദേഹം 31–ാം തീയതി തിങ്കളാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.30 വരെ തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ പൊതുദർശ നത്തിന് ശേഷം മൃതദേഹം തൃശ്ശൂർ കത്തീഡ്രൽ ഇടവകയിലെ ജ്യേഷ്ഠ സഹോദരന്റെ മകൻ തോട്ടാൻ ജോസഫ് ജോഷിയുടെ വസതിയിൽ രാവിലെ 9.00 മുതൽ 10.00 വരെ പൊതുദർശനത്തിന് വച്ചു. തുടർന്ന് വീട്ടിൽ നിന്ന് ആരംഭിച്ച മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗത്തിനും ദൈവാലയത്തിലെ രണ്ടാം ഭാഗത്തിനും തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് കാർമ്മികത്വം വഹിച്ചു. മൃതദേഹം രാവിലെ 10.30 മണി മുതൽ 2.30 വരെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ പള്ളിയിൽ പൊതുദർശനത്തിന് വച്ചു. മൃതസംസ്കാരശുശ്രൂഷയോടനുബന്ധിച്ച വി. ബലിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു.

**“ആയിരിക്കുക എന്നതാണ് ചെയ്യുക എന്നതിനേക്കാൾ പ്രധാനം” എന്ന ആപ്തവാക്യവുമായി കർത്താവിന്റെ ശുശ്രൂഷാ പൗരോഹിത്യത്തിൽ പങ്കുചേർന്ന് ദൈവജനത്തിനായി പ്രവർത്തിച്ച് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട തോട്ടാൻ ബഹു. ആന്റണി യച്ചന് തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാഞ്ജലി!**

# ആദരാഞ്ജലികൾ



## റവ. ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി
## (ഫാ. സി. ടി. ജോസ്, 71)

ക്രിസ്തുദർശനം ഉൾകൊണ്ട് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പാവപ്പെട്ടവർക്കും വേണ്ടി പുരോഹിതവഴിയിൽ വിപ്ലാവാത്മകമായി ജീവിച്ച തൃശൂർ അതിരൂപതയിലെ വൈദികനായ റവ. ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി (ഫാ. സി. ടി. ജോസ്)2022 ജനുവരി 31–ാം തീയതി രാവിലെ 6.00 മണിക്ക് അന്തരിച്ചു.


തൃശ്ശൂർ അതിരൂപത മറ്റം ഫൊറോനയിലെ പരേതരായ തോമസ് + കത്രീന ദമ്പതികളുടെ മകനായി 1950 ജൂലൈ 28 ന് ജനിച്ചു. തൃശ്ശൂർ മൈനർ സെമിനാരി, കോട്ടയം സെന്റ് തോമസ് അപ്പോസ്തോലിക്ക് സെമിനാരി എന്നിവിടങ്ങളിലെ വൈദികപരിശീലനം പൂർത്തിയാക്കിയശേഷം 1977 മാർച്ച് 6 ന് മാർ ജോസഫ് കുണ്ടുകുളം പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

ക്രിസ്തുവിന്റെ ശുശ്രൂഷപൗരോഹിത്യത്തിൽ പങ്കുകാരനായി “Love is God’’ എന്ന ആപ്തവാക്യവുമായി ദൈവജനത്തിനായി കുരിയിച്ചിറ, അരണാട്ടുകര എന്നീ ഇടവകകളിൽ സഹവികാരിയായി അജ

പാലനശുശ്രൂഷ ആരംഭിച്ച അദ്ദേഹം, പുതുരുത്തി, ആറ്റത്തറ, നെടുപുഴ, വൈലത്തൂർ, അഞ്ഞൂർ, ചൊവ്വന്നൂർ, ഇയ്യാൽ, ഏങ്ങണ്ടിയൂർ, വെള്ളറക്കാട്, പാത്രാമംഗലം, ചിറ്റിലപ്പിള്ളി, കാഞ്ഞാണി, പോന്നോർ, പുലക്കാട്ടുകര, തിരുത്തിപ്പറമ്പ്, കാവീട് എന്നിവിടങ്ങളിൽ വികാരിയായും സേവനം ചെയ്തിട്ടുണ്ട്. പാറേമ്പാടം പള്ളി നിർമ്മിച്ച അദ്ദേഹം പുതുരുത്തി ഇടവകയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. വിവിധ സ്കൂളുകളുടെ മാനേജരായി സേവനം ചെയ്ത ബഹു. അച്ചൻ വിവിധ സന്ന്യാസിനീ സമൂഹങ്ങളുടെ കപ്ലോനായും ശുശ്രൂഷ ചെയ്തിട്ടുണ്ട്.

2009 ആഗസ്റ്റ് 10 മുതൽ ചേറൂർ വിയാനി ഹോമിലും തുടർന്ന് സെന്റ് ജോസഫ് വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു. മൃതദേഹം ഫെബ്രുവരി 1 ചൊവ്വാഴ്ച രാവിലെ 6.30 ന് തൃശൂർ സെന്റ് ജോസഫ് വൈദികമന്ദിരത്തിലെ വി. ബലിക്കുശേഷം 7.30 മുതൽ 8.30 വരെ പൊതുദർശനത്തിന് വച്ചു. അതിനുശേഷം മൃതദേഹം മുണ്ടൂരിലുള്ള (പുറ്റേക്കര) സഹോദരന്റെ മകളായ ചിറയത്ത് ജിൻസി ബെന്നിയുടെ വസതിയിൽ രാവിലെ 9.15 മുതൽ 11.00 വരെ പൊതുദർശനത്തിന് വയ്ക്കുകയും തുടർന്ന് 11 ന് വീട്ടിൽ, മൃതസംസ്കാരശുശ്രൂഷകളുടെ ആദ്യഭാഗത്തിന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് കാർമ്മികത്വം വഹിച്ചു. തുടർന്ന് മൃതദേഹം രാവിലെ 11.30 മുതൽ 2.30 വരെ മുണ്ടൂർ പള്ളിയിൽ പൊതുദർശനത്തിനായി വച്ചു. പള്ളിയിൽ നടന്ന മൃതസംസ്കാര ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിന് മാർ ടോണി നീലങ്കാവിൽ പിതാവും മൃതസംസ്കാരത്തോടനുബന്ധിച്ചുള്ള വി. ബലിക്ക് മാർ ആൻഡ്രൂസ് താഴത്ത് പിതാവും കാർമ്മികത്വം വഹിച്ചു.

**സ്നേഹം ദൈവമാണ് എന്ന ആപ്തവാക്യവുമായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ അധ്വാനിച്ച് സ്വർഗ്ഗസമ്മാനത്തിന് യാത്രയായ ചിറ്റിലപ്പിള്ളി ബഹു. ജോസച്ചന് തൃശ്ശൂർ അതിരൂപതയുടെ സ്മരണാഞ്ജലി!**



# സന്ന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

ജനുവരി 2021

**1. എം. എം. ബി.**

സന്യാസവ്രതാർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബ്രദേഴ്സ് വിക്ടർ കളമ്പുകാട്ട്, യേശുദാസ് ചൂണ്ടൽ, രജത ജൂബിലി ആഘോഷിക്കുന്ന ബ്രദേഴ്സ് ജോൺ കുറ്റിക്കാട്ട്, മരിയദാസ് ചിറ്റിലപ്പിള്ളി, ജെയിൻ വടക്കേടത്ത്, പീറ്റർദാസ് കുഴുപ്പിള്ളി എന്നിവരുടെ ജൂബിലികൾ മരത്താക്കരയിലെ എം. എം. ബി. ജനറലേറ്റിൽവച്ച് ഭോപ്പാലിലെ അസ്സീസി പ്രോവിൻസിന്റെ നേതൃത്വത്തിൽ ആഘോഷിക്കുകയുണ്ടായി. സത്ന രൂപത മുൻ അദ്ധ്യക്ഷൻ മാർ മാത്യു വാണിയകിഴക്കേൽ കൃതജ്ഞതാബലിയിൽ മുഖ്യകാർമ്മികനായിരുന്നു. അഭിനന്ദനസമ്മേളനം ബിഷപ്പ് ഉദ്ഘാടനം ചെയ്തു. സുപ്പീരിയർ ജനറൽ വെരി റവ. ബ്രദർ ബാസ്റ്റിൻ കാരുവേലിൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ആന്റോ കാരോക്കാരൻ സി. എം. ഐ. ആശംസകൾ നേർന്നു. അസ്സീസി പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ വെരി റവ. ബ്രദർ സോജൻ പൈകട സ്വാഗതവും ബ്രദർ ജോൺ കുറ്റിക്കാട്ട് നന്ദിയും പറഞ്ഞു. രജതജൂബിലി ആഘോഷിക്കുന്ന ബ്രദേഴ്സ് അമൽരാജ് ആലപ്പാട്ട്, ബിജു വെട്ടുകാട്ടിൽ, പ്രകാശ് മ

ണ്ണാറത്തറ എന്നിവർക്ക് കോവിഡ്– 19ന്റെ നിയന്ത്രണങ്ങൾ ഉള്ളതിനാൽ ജൂബിലി ആഘോഷങ്ങളിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല.

**2. സി. എം. സി**

വി.ചാവറപിതാവിന്റെ 150th Death Anniversary സമാപനത്തോടനുബന്ധിച്ച് ജനുവരി 3 ന് മാന്നാനത്ത് നടന്ന ആഘോഷമായ ദിവ്യബലിയിലും ഇന്ത്യയുടെ ഉപരാഷ്ട്രപതി ശ്രീ. എം. വെങ്കയ്യ നായിഡു വിശിഷ്ട അതിഥിയായ അനുസ്മരണ സമ്മേളനത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ക്രിസ്‌ലിനും മറ്റു സിസ്റേറഴ്സും പങ്കെടുക്കുകയും, കബറിടം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച അതിരൂപതയിലെയും ഇങ്ങക ദേവമാതാ പ്രോവിൻസിലെയും നവവൈദീകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഊഷ്മളമായ വരവേല്പ് നല്കി. മൂന്ന് ദിവസത്തെ ആത്മീയ ഒരുക്കങ്ങൾക്കുശേഷം ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റേറഴ്സ് വ്രതനവീകരണം നടത്തി. വ്രതധ്യാനത്തിന് സഹായമാകുന്ന വീഡിയോ ക്ലിപ്പുകൾ നൽകിയിരുന്നു.

4–ാം തിയതി കാക്കനാട് വച്ച് നടന്ന SMRC മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിൻ സംബന്ധിച്ചു. സെന്റ് മേരീസ് കോളേജിന് NAAC Reaccreditation ന്റെ 4th Cycle ൽ A+ Grade നേടാൻ സാധിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ക്രിസ്‌ലിനും വികർ പ്രൊവിൻഷ്യൽ സി. സാലി പോളും നിർമലോദയ മിഷനിലെ 5 ഭവനങ്ങളും സന്ദർശിച്ചു. സി. പ്രദീപ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും ആദ്ധ്യാത്മിക ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് പൂർത്തിയാക്കി തിരിച്ചുവന്നു. വി. എവുപ്രാസ്യമ്മയുടെ ലിഖിതങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു സിസ്റ്ററിന്റെ പഠനം. നിത്യവ്രതം ചെയ്ത് 12 വർഷം ആയവർക്ക് 24 ദിവസത്തെ online കോഴ്സും കഴിഞ്ഞ വർഷം ആദ്യവ്രതം ചെയ്തവർക്ക് 12 ദിവസത്തെ online കോഴ്സും ആലുവ ജനറലേററിൽ നിന്നും നൽകുകയുണ്ടായി. ആലുവ ജനറലേററ് സംഘടിപ്പിച്ച 2 ദിവസത്തെ online ഗോൾഡൻ ജൂബിലി ആഘോഷത്തിൽ തൃശ്ശൂർ പ്രോവിൻസിൽനിന്നും 12 ജൂബിലി അമ്മമാർ പങ്കെടുത്തു.

**3. എഫ് സി സി**

2022 ജനുവരി 1,2 തീയതികളിലായി ജൂനിയർ സിസ്റ്റേഴ്സിനായി തൃശൂർ അസ്സീസിയിൽ അസി. പ്രൊവിൻഷ്യൽ ബഹു. സി. ഫോൺസി മരിയ, പ്രൊ. കൗൺസിലർ ബ. സി. ഫിലോ ജീസ് എന്നിവരുടെ നേതൃത്വത്തിൽ മിനി സിനാക്സിസ് നടത്തി. 2012 മുതൽ പ്രീ– പോസ്റ്റുലന്റ്സ് മാസ്റ്ററായിരുന്ന ആത്മ ജ്യോതി റിട്രീറ്റ് സെന്റർ

ഡയറക്ടർ ബഹു. ഫാ. ടോമി പുളിന്താന ത്തിന്റെ പൗരോഹിത്യ സിൽവർ ജൂബിലി അസ്സീസിയിൽ ആഘോഷിച്ചു. 4–ാം തീയതി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന SMRC മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫോൺസി മരിയ സംബന്ധിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ കീഴിലുള്ള കോട്ടയം ആമോസ് സെന്ററിൽ വച്ച് കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ രൂപതകളിലെ സോഷ്യൽ സർവ്വീസ് ഡയറക്ടർമാരുടെയും തിരഞ്ഞെടുക്കപ്പെട്ട സന്ന്യസ്തരെയും ഉൾക്കൊള്ളിച്ചുകൊണ്ടു ജനുവരി 6–ാം തീയതി നടത്തിയ മീറ്റിംഗിൽ അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഫോൺസി മരിയ സംബന്ധിച്ചു. ജനുവരി 17 മുതൽ കൊച്ചിയിലുള്ള ഗിഫ്റ്റ് കൊച്ചിൻ ഇൻസ്റ്റിറ്റ്യൂട്ടിൽ 6 മാസത്തെ പാസ്റ്ററൽ കമ്മ്യൂണിക്കേഷൻ ഡിപ്ലോമ കോഴ്സിൽ സി. മേഴ്സിലിൻ, സി. ക്രിസ് മരിയ എന്നിവർ സംബന്ധിക്കുന്നു. ജനുവരി 16–ന് പൊന്നാനി Clare House Homeo Clinic –ൽ സംഘടിപ്പിച്ച Medical Camp നോടുകൂടി Homeopathy -Â MD ബിരുദം നേടിയ ഡോ. സി. ഡോണ ചിരിയങ്കണ്ടത്ത് ചാർജ്ജെടുത്തു. ബ. സിസ്റ്റേഴ്സിന്റെ പ്രോവിൻസ് തലത്തിലുള്ള സുവർണ്ണജൂബിലി അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മിക ത്വത്തിലുള്ള ദിവ്യബലിയോടുകൂടി 2022 ജനുവരി 22 –ാം തീയതി ശനിയാഴ്ച ഗുരുവായൂർ ലിസ്യു കോൺവെന്റ് ചാപ്പലിൽ വച്ച് ആഘോഷിച്ചു. 1985 മുതൽ 1994 വരെ അസ്സീസി പ്രോവിൻസിൽ ആസ്പരൻസി കാലഘട്ടത്തിലെ ഗുരുവച്ചനുമായിരുന്ന മരണമടഞ്ഞ ബഹു. ആന്റണി തോട്ടാനച്ചനെ ലൂർദ്ദ് ഫൊറോന ദേവാലയത്തിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് സന്ദർശിച്ച് പ്രാർത്ഥിച്ചു.

**4. സി.എച്ച്.എഫ്**

നവജ്യോതി ഡേയോടനുബന്ധിച്ച് നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നടത്തിയ പ്രാർത്ഥനാ ശുശ്രൂഷയിലും ദിവ്യബലിയിലും പ്രോവിൻസിലെ എല്ലാ കോൺവെന്റുകളിൽ നിന്നും സുപ്പീരിയേഴ്സ് പങ്കെടുത്തു. തൃശ്ശൂർ അതിരൂപതയിലെ നവാഭിഷിക്തരായ 11 വൈദീകരാണ് വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചത്.തുടർന്നു നടന്ന സ്നേഹവിരുന്നിലും കൂട്ടായ്മയിലും ക്ഷണിക്കപ്പെട്ടിരുന്ന വൈദീകരും സിസ്റ്റേഴ്സും പങ്കെടുത്തു. നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.ജെസിൻ തെരേസ് ഏവർക്കും സ്വാഗതം ആശംസിക്കുകയും നവവൈദീകർക്ക് ഉപഹാരങ്ങൾ നൽകി അനുമോദിക്കുകയും ചെയ്തു.09ന് നവജ്യോതി പ്രോവിൻസിന്റെ IFDFന്റെ നേതൃത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ അത്മായ സുഹൃത്ത് സംഘടനയുടെ എക്സിക്യൂട്ടീവ് മീറ്റിങ്ങ്

നടത്തി. 99 അംഗങ്ങൾ സംബന്ധിച്ച മീറ്റിങ്ങിൽ IFDF ഡയറക്ടറും ഫാമിലി അപ്പസ്തോലേറ്റ് കൗൺസിലറുമായ സി.ആൻഗ്രെയ്സ് സ്വാഗതം ആശംസിച്ചു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി.ജെസിൻ തെരേസ് അദ്ധ്യക്ഷപ്രസംഗം നടത്തി. സി.മരിയ റോസ് ഏവർക്കും നന്ദിയർപ്പിച്ചു.10 മണി മുതൽ 11 മണിവരെ സി.വിജയ (P) അത്മായ സുഹൃത്ത് സംഘടനക്ക് ഫാമിലി അപ്പസ്തോലേറ്റ് എപ്രകാരം വിജയ പ്രദമായി ചെയ്യാം എന്നതിനെ സംബന്ധിച്ച് സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ക്ലാസ്സ് നൽകി. മീറ്റിങ്ങിൽ സംഘടനയുടെ ഭാരവാഹി കളെ തിരഞ്ഞെടുത്തു. പിന്നീട് 12 മണിക്ക് റവ.ഫാ.തോമസ് പൂപ്പാടി അംഗങ്ങൾക്കു വേണ്ടി വി.ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.ഹോളിഫാമിലി കോൺഗ്രിഗേഷനിൽ ജനറൽ പ്ലീനറി ആരംഭിച്ചു. 9,10 തിയ്യതികളിലായി ഉച്ചകഴിഞ്ഞ് 6 മുതൽ 9 വരെയാണ് ഓൺ ലൈനായി ജനറൽ പ്ലീനറി നടത്തപ്പെട്ടത്.11ന് വൈകാരിക പക്വത സമർപ്പിത ജീവിതത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി തൃശ്ശൂർ ഡി.ബി.സി.എൽ.സി യിൽ വച്ച് വൈദീകർക്കും സമർപ്പിതർക്കും വേണ്ടി നടത്തിയ ട്രെയിനിങ്ങ് പ്രോഗ്രാ മിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.15ന് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ക്രൈസ്തവമിഷണ റിമാർക്കും സ്ഥാപനങ്ങൾക്കും എതിരെ ഉത്തരേന്ത്യയിൽ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ തൃശ്ശൂർ കോപ്പറേഷന് മുൻവശത്ത് നടന്ന പ്രതിഷേധ ധർണ്ണയിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സി.ജാൻസി ലീമയും സി.മേഴ്സി മരിയയും പങ്കെടുത്തു.19–)ം തിയതി നവാഭിഷി ക്തരായ വൈദീകർക്കുവേണ്ടി തൃശ്ശൂർ ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തിയ മീറ്റിങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി.ജെസിൻ തെരേസ് പങ്കെടുക്കുകയും ആശംസകളർപ്പിച്ച് സംസാരി ക്കുകയും ചെയ്തു.ഫെബ്രുവരി 2 മുതൽ ഹോളി ഫാമിലി കോൺഗ്രി ഗേഷനിലെ ജനറൽ നവീകരണ സിനാക്സിസ് ആരംഭിച്ചു. കോവി ഡിന്റെ പശ്ചാതലത്തിൽ അതതു പ്രോവിൻസുകളിലാണ് ജനറൽ നവീ കരണ സിനാക്സിസിന്റെ ആദ്യ ാഗം നടത്തപ്പെട്ടത്.

**5. സി എസ്.സി**

സന്ന്യാസ സമർപ്പണത്തിൽ 25 വർഷം പൂർത്തിയാക്കിയ 17 സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന രജത ജൂബിലി 26 ന് തൃശ്ശൂർ അതിരൂ പത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മരിയഭവൻ ജനറലേറ്റിൽ വെച്ച് നടത്തപ്പെട്ടു. റവ ഫാ ലിജോ ചാലിശ്ശേരി, റവ.ഫാ പോൾസൻ പാലത്തിങ്കൽ എന്നിവർ സഹകാർമ്മികരായിരുന്നു.

## ആദരാഞ്ജലികൾ



06.01.2022 എഫ്.സി.സി തൃശൂർ മേരി ഇമ്മാക്കുലേറ്റ് ഭവനാംഗമായ ബ. സി. ക്ലെയർ ജനുവരി 6ന് വ്യാഴാഴ്ച രാവിലെ 11 ന് നിര്യാതയായി. ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ 7–ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30 ന് തൃശൂർ മേരി ഇമ്മാക്കുലേറ്റ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം പൂജ്യമായി സംസ്ക്കരിച്ചു.



മരിയാപുരം: റവ. ബ്രദർ ജി. വിക്ടർ കളമ്പുകാട്ട് (ആലക്കോട് കളമ്പുകാട്ട് പരേതരായ ജോസഫ് – ഏലിക്കുട്ടി മകൻ ജോർജ്ജ് 79) 17–01–2022 തിങ്കൾ രാവിലെ 6.40ന് നിര്യാതനായി. ദിവ്യബലിമദ്ധ്യേ ഹൃദയാഘാതത്തെ തുടർന്നാണ് ബ്രദർ ഈ ലോകത്തോട് വിട പറഞ്ഞത്. മൃതസംസ്കാര ശുശ്രൂഷകൾ 19–01–2022 ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2.00ന് മരിയാപുരം മിഷൻഹോം ആശ്രമദേവാലയത്തിൽവെച്ച് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ്പ് മാർ ജേക്കബ് തൂങ്കുഴി, ബിഷപ്പ് മാർ ടോണി നീലങ്കാവിൽ എന്നീ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# സാമ്പത്തിക കാര്യാലയം

**Pancard 12AB Registration**

എല്ലാ ഇടവകകളുടേയും സ്ഥാപനങ്ങളുടേയും Pan cardന്റെയും12AB Registrationന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ സൂക്ഷിക്കുവാൻ ഉദ്ദേശിക്കുന്നു. അതുകൊണ്ട് ദയവായി എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവരവരുടെ Pan cardന്റെയും 12AB Registrationന്റെയും കോപ്പികൾ അതിരൂപത സാമ്പത്തിക കാര്യലയത്തിൽ ഏൽപ്പിക്കാൻ/അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. അയക്കുവാൻ ഉള്ള മെയിൽ ഐ.ഡി, ഫോൺ നമ്പർ താഴെ കൊടുക്കുന്നു.

procuratortcr@gmail.com, Phone.no- 8289898168

**വാർഷികതെരട്ട് – മാർച്ച് 2022**

2021–2022 സാമ്പത്തിക വർഷം അവസാനിക്കുവാൻ കുറച്ച് സമയം മാത്രമേ ബാക്കിഉള്ളു അതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുവാൻ തൽപര്യപ്പെടുന്നു.

**1. സി.എ. ഓഡിറ്റ്**

ഇടവകകൾ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുള്ള ഓഡിറ്റർമാരെ നിശ്ചയിക്കാവുന്നതും അവരെ കൊണ്ട് കണക്കുകൾ ഓഡിറ്റ് ചെയിക്കേണ്ടതുമാണ്.

**2. തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം ഇടവകകൾക്ക് അതതു ഫൊറോനകൾ വഴി വിതരണം ചെയ്യുന്നതായിരിക്കും. ഇടവകകളിലെ Bank Account ഉള്ള എല്ലാ സംഘടനകളുടെയും വാർഷിക കണക്കുകൾ (Trial Balance as on 31/03/2022) എഴുതിവാങ്ങിക്കേണ്ടതും ഇടവകയുടെ ഓഡിറ്റ് ചെയ്യുന്ന ഓഡിറ്റർക്ക് കൊടുക്കേണ്ടതും ഇവകൂടി ഇടവകകളുടെ ബാലൻസ് ഷീറ്റിൽ Consolidate ചെയ്യേണ്ടതുമാണ്. സംഘടനകൾക്ക് Pan card ഉണ്ടെങ്കിൽ അവയിലുടെയും ഇല്ലെങ്കിൽ പള്ളി Pan card ലുടെയും Transactions നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**3. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും യോഗം–05/03/2022**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം **2022 മാർച്ച് 05 ,ശനിയാഴ്ച ഉച്ചക്ക് 2.ന് D.B.C.L.C** ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്.പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ, വികാരി ജനറാൾമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | | |
|---|---|---|
| രജിസ്ട്രേഷൻ | – | 1.30 pm |
| ഉദ്ഘാടനം | – | 2.00 pm |
| ചർച്ച | – | 2.30 pm |
| ലഘുഭക്ഷണം | – | 5.30 pm |

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

എനിക്കേറ്റവും പ്രിയപ്പെട്ട കുട്ടികളെ,

പരീക്ഷകാലത്തിലേക്ക് നിങ്ങൾ പ്രവേശിച്ചിരിക്കുകയാണല്ലോ. പരീക്ഷകളുടെ അർത്ഥവും ലക്ഷ്യവും അവയെ എപ്രകാരം നേരിടാനുള്ള മാർഗ്ഗങ്ങളും ഈ അവസരത്തിൽ ചിന്തിക്കുന്നത് നല്ലതാണ്. മത്തായിയുടെ സുവിശേഷം 4–ാം അധ്യായം 1–ാം വാക്യത്തിൽ "പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക്" നയിച്ച കാര്യം വിവരിക്കുന്നുണ്ട്. ജീവിതവിജയത്തിന്റെ അവശ്യഭാഗമാണ് പരീക്ഷകൾ. പത്രോസ് ശ്ലീഹാ തന്റെ ലേഖനത്തിൽ (1 പത്രോ. 1:6–7) ഇപ്രകാരം പറയുന്നു: "അല്പകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണ്ണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം" മേൽപ്പറഞ്ഞ വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ നാം പഠിക്കുന്നു.

1. പരീക്ഷകൾ ജീവിത വിജയത്തിന് ആവശ്യമാണ്. പരീക്ഷകളെ അതിജീവിക്കുമ്പോഴാണ് ശരിയായ സന്തോഷവും വിജയവും അനുഭവിക്കുക.
2. പരീക്ഷകൾ നമ്മെതന്നെ തിരിച്ചറിയാനുള്ള അവസരമാണ്. നാം വളരെ കാര്യങ്ങൾ പഠിക്കുന്നുണ്ടെങ്കിലും പഠിച്ച കാര്യങ്ങൾ മനസ്സിലാക്കുകയും ഓർക്കുകയും പ്രാവർത്തികമാക്കുകയും മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുകയും ചെയ്യുന്നതിന് തിരിച്ചറിവ് നേടുന്നതിനുള്ള അവസരമാണ് പരീക്ഷകൾ.
3. പരീക്ഷകളെ അതിജീവിക്കാൻ കഠിനാധ്വാനവും ത്യാഗവും ആവശ്യമാണ്. പഠിക്കാതെ ആർക്കും വിജയമില്ല. പണിയെടുക്കാതെ പണമുണ്ടാക്കാനും ആവില്ല. ഓട്ടക്കാരൻ സമ്മാനം കിട്ടണമെങ്കിൽ വളരെ നാളത്തെ പരിശീലനം വേണം. സ്കൂളിലും വീട്ടിലുമായി നന്നായി മനസ്സിരുത്തി പഠിച്ചാലേ നല്ല വിജയം നേടാനാവൂ. സ്ഥിരോത്സാഹത്തോടെയുള്ള പഠനത്തിന് പല സുഖങ്ങളും നമ്മൾ ത്യജിക്കേണ്ടി

വരും. എപ്പോഴും ടി. വി. കാണുക, മൊബൈൽ നോക്കിയിരിക്കുക, കളിച്ചുകൊണ്ടിരിക്കുക തുടങ്ങിയ കാര്യങ്ങൾ എളുപ്പമുള്ള സന്തോഷങ്ങളായി തോന്നും. അവ താത്കാലിക സന്തോഷങ്ങളെ ത്യജിച്ച് പരീക്ഷക്ക് ഒരുങ്ങാൻ പരിശ്രമിക്കുമല്ലോ.

4. പരീക്ഷകളെ വിജയിക്കാൻ ദൈവാനുഗ്രഹം ആവശ്യമാണ്. താൻ പാതി ദൈവം പാതി എന്ന് കേട്ടിട്ടുണ്ടല്ലോ. പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നു: “അറിവ് ലഭിച്ചിട്ടില്ലാത്തവർ എന്റെ അടുക്കൽ വരട്ടെ. അവർ എന്റെ വിദ്യാലയത്തിൽ വസിക്കട്ടെ” (പ്രഭാ. 51:21). സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം വായിക്കുന്നു: “ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം” (1:7; 9:10). അതിനാൽ പരീക്ഷകളിൽ വിജയിക്കുന്നതിന് ദൈവത്തിന്റെ അനുഗ്രഹം ആവശ്യമാണ്. യേശു മരുഭൂമിയിലെ പരീക്ഷകളെ വിജയിച്ചത് ദൈവവചനം കൊണ്ടാണ് എന്ന് അറിയാമല്ലോ. (മത്താ. 4:4). യേശു പഠിപ്പിച്ചു: “എന്റെ നാമത്തിൽ പിതാവയക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാകാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോട് പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിക്കുകയും ചെയ്യും” (യോഹ. 14:26). അതിനാൽ നന്നായി പഠിക്കാനും പഠിച്ച കാര്യങ്ങൾ നന്നായി ഓർക്കാനും നന്നായി പരീക്ഷ എഴുതാനും പരിശുദ്ധാത്മാവിന്റെ ആലോചന ചോദിക്കണം.

ചില പ്രായോഗിക നിർദ്ദേശങ്ങൾ ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കട്ടെ.

1. സ്കൂളിലെ പഠനത്തിനു പുറമേ വീട്ടിൽ വച്ച് പഠിക്കുന്നതിന് കൃത്യമായി ടൈം ടേബിൾ ഉണ്ടാക്കുന്നത് നല്ലതാണ്.
2. നല്ല കൂട്ടുകാരുമായി, പ്രത്യേകിച്ച്, ബുദ്ധിമുട്ടുള്ള വിഷയങ്ങൾ ഒന്നിച്ചിരുന്ന് പഠിക്കുന്നതും (Campaign) അധ്യാപകരോടും അറിവുള്ളവരോടും സംശയനിവാരണം നടത്തുന്നതും നല്ലതാണ്.
3. മറ്റുള്ളവരെ പഠിക്കാൻ സഹായിക്കുന്നത് സ്വയം പഠിക്കാൻ ഏറെ സഹായകമാണ്. അതിനാൽ പഠിക്കാൻ ബുദ്ധിമുട്ടുള്ള കൂട്ടുകാരെ സഹായിക്കണം.
4. പഠിച്ച കാര്യങ്ങൾ ഓർത്തിരിക്കുന്നതിന് വേണ്ടി വിഷയത്തിന്റെ പ്രധാനപ്പെട്ട ആശയങ്ങൾ ഉൾക്കൊള്ളുന്ന കുറിപ്പുകൾ തയ്യാറാക്കുക.
5. ഭക്ഷണം, വിശ്രമം, വ്യായാമം, ദേഹശുദ്ധി തുടങ്ങിയവ ക്രമപ്പെടുത്തുക.
6. എല്ലാറ്റിലുമുപരി പഠനവും പരീക്ഷയും തുടങ്ങുമ്പോഴും അവസാനിക്കുമ്പോഴും പരിശുദ്ധാത്മാവിനോട് ആലോചന ചോദിച്ച് പ്രാർത്ഥിക്കുക.

പ്രിയ കുട്ടികളേ, പരീക്ഷയിൽ നല്ല വിജയം നേടാൻ ഞാൻ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ഇടവകകളിൽ പരീക്ഷയ്ക്കൊരു

ക്കമായി നടക്കുന്ന പ്രാർത്ഥനാശുശ്രൂഷകളിൽ നിങ്ങൾ പങ്കെടുക്കാൻ ശ്രമിക്കണം. പരീക്ഷകളുടെ വിജയം നിങ്ങളുടെ ഭാവി നിർണ്ണയിക്കുന്ന തിൽ പ്രധാന പങ്കുവഹിക്കുന്നു. ദൈവപദ്ധതി/ദൈവവിളി തിരിച്ചറിയാൻ പരീക്ഷകൾ സഹായകമാണ്. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്ര ഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസ പരിശീലനകേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 12, 20, 27 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരോടും പ്രിൻസിപ്പൽമാരോടും എല്ലാ വിശ്വാസപരിശീലകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാകയാൽ, അവ ധിക്കാലത്തും തുടർച്ചയുണ്ടാകാവുന്നവിധത്തിൽ കുട്ടികൾക്കും യുവാ ക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**1. കേന്ദ്രീകൃത മൂല്യനിർണ്ണയം – 2022**

**a)** ACC & XII കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്ര ത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലി ക്കറ്റ് യൂണിവേഴ്സിറ്റിയുടെ Examination Board ന്റെ മേൽനോട്ട ത്തിലാണ് നടത്തുന്നത്

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധ മായും വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

Time : 9.30 AM - 4.30 PM
Std. XII, ACC : 2022 മാർച്ച് 5, 6 ശനി, ഞായർ

2. **കേന്ദ്രീകൃത മൂല്യനിർണ്ണയം യൂണിറ്റ് തലത്തിൽ** Std.1 to XI

Date : 2022 March 6, Sunday

Time : 10 AM to 5 PM

**3. Result Publication Std. I to XI**

Date : 2022 March 13

**4. School Principals & HMs Conference**

Date : 2022 March 13

Time : 10 AM to 12 noon

Venue : DBCLC

**5. Mark List & Internal Assessment Mark Upload**

**Date : March 12**

വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യേണ്ട അവസാനതിയ്യതി മാർച്ച് 12 ആണെന്ന് ഓർമ്മിപ്പിക്കുന്നു. കൃത്യസമയത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം കൂടിയെതീരു.

**6. Absentees Annual Examinations & Annual Re-examinations (in units) March : 20**

ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക, വാർഷികപരീക്ഷകളിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ്ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേകപരീക്ഷ (Re-Examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുതന്നെയാണ് തയ്യാറാക്കേണ്ടത്. ഈ പരീക്ഷകളുടെ മാർക്കുകൾ സ്കോളർഷിപ്പിനോ സമ്മാനങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. ഇപ്രകാരം നടത്തുന്ന പരീക്ഷയിലും പങ്കെടുക്കാതിരിക്കുകയോ ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയോ ചെയ്യുന്നവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവുന്നതാണ്. റി എക്സാമിനേഷൻ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തേണ്ടതാണ്.

**9. ACC, XII Re-Examination, Improvement Examination Std. XII, ACC - 2022 April 30, Saturday**

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. അർഹതയുള്ളവർക്കും വാർഷികപരീക്ഷയിൽ പാസ്മാ

ർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലനകേന്ദ്രത്തിൽ വന്ന് രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തിയതി ഏപ്രിൽ 25, രജിസ്ട്രേഷൻ ഫീസ് 100 രൂപ.

### 10. Aptitude Rank List 2021- 22

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ

| I$^{st}$ RANK | II$^{nd}$ RANK | III$^{rd}$ RANK |
|---|---|---|
| Miss. Maya Sanker | Mrs. Jaimol Roy | Mr. Stanlin Raphael |
| Vellattanjoor | Veendassery | Aranattukara |

### Consolation Prize

| | |
|---|---|
| 4. Miss. Tessy M Joy | Pullamkandam |
| 5. Mrs. Dr. Lucy K. M. | Mannuthy |
| 6. Miss. Jismy Francis | Pallikkunnu |
| 7. Mrs. Jincy Joseph | Machad |
| 8. Sr. Vimal maria C.M.C | Kandassankadavu |
| 9. Mrs. Silvy George | Thrissur Lourdes |
| 10. Mr. Varghese Thalakkodan | Mukkattukara |

### 11. റിട്ടയർ ചെയ്യുന്ന വിശ്വാസപരിശീലകർക്കും സ്ഥാനമൊഴിയുന്ന പ്രിൻസിപ്പൽമാർക്കും നന്ദി

65 വയസ്സു പൂർത്തിയാക്കി വിശ്വാസപരിശീലനത്തിൽനിന്ന് വിരമിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും പ്രിൻസിപ്പൽ സേവനത്തിൽ നിന്നും ഒഴിയുന്ന പ്രിൻസിപ്പൽമാർക്കും സവിശേഷമായ നന്ദി രേഖപ്പെടുത്തുന്നു. വിശ്വാസപരിശീലനത്തിൽ അർപ്പണബോധത്തോടെ അവർ ചെയ്ത സേവനങ്ങൾ നിസ്തുലമാണ്. അവർക്ക് ദൈവാനുഗ്രഹം ധാരാളമായി ലഭിക്കട്ടെയെന്നും വ്യത്യസ്ത തലങ്ങളിലുള്ള സഭാസേവനം തുടരുന്നതിന് അവരെ പ്രാപ്തരാക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു.

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies**
(affiliated to Katholicke Universiteit, Leuven, Belgium):

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- ഈ കോഴ്സിന്റെ ക്ലാസുകൾ എല്ലാ ഞായറാഴ്ചകളിലും 2 PM മുതൽ 5 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10 AM മുതൽ 5 PM വരെയും നടത്തപ്പെടുന്നു.
- Ancient & Medieval Church History (Rev. Dr. Paul Pulikkan), Sacrament of Reconciliation (Rev. Dr. Varghese Ukken), Liturgical Theology and Syro - Malabar Holy Qurbana (Rev. Dr. Bilju Vazhappilly) എന്നീ ക്ലാസ്സുകൾ ഫെബ്രുവരി മാസത്തിൽ നടക്കുന്നു.

**2. Certificate Course in Theology (One Year)** (affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും രണ്ടു ഞായറാഴ്ചകളിലായി രണ്ടു ക്ലാസ്സുകൾ.
- ഒരു വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ വർഷത്തെ Certificate Course-ൽ 74 പേരാണ് പങ്കെടുക്കുന്നത്. കേരളത്തിലെ ക്രൈസ്തവ സഭകൾ (Rev. Dr. Demin Tharayil), അനുരഞ്ജന കൂദാശ (Rev. Dr. Varghese Melit Palathingal), എന്നീ ക്ലാസ്സുകൾ ഫെബ്രുവരി മാസത്തിൽ നടന്നു.

**3. Course on Theology of Family**

- തൃശ്ശൂർ അതിരൂപതയിലെ ദമ്പതികൾക്കുവേണ്ടി
- കുടുംബദൈവശാസ്ത്രത്തെകുറിച്ചുള്ള കോഴ്സ്
- 2022 ജനുവരി മുതൽ 2023 മെയ് വരെയാണ് കോഴ്സ്. മാസത്തിലെ നാലാമത്തെ ഞായറാഴ്ചയാണ് ക്ലാസ്സ്. (2 pm 5 pm)
- 45 ദമ്പതികളാണ് (90 പേർ) ഈ കോഴ്സിൽ പങ്കെടുക്കുന്നത്.

- ജനുവരി 23-ാം തിയതി അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് ഈ കോഴ്സ് ഉദ്ഘാടനം ചെയ്തു. ആദ്യത്തെക്ലാസ്സ് Family in the Bible (Rev. Dr. Freejo Parackal) എന്ന വിഷയമായിരുന്നു.

**4. Advanced Certificate Course in Theology** (affiliated to Chair for Christian Studies and Research, Calicut University): സന്യാസിനിമാർക്കുള്ള ഈ വർഷത്തെ Advanced Certificate Course മേരിമാതാ മേജർ സെമിനാരിയിൽ ജൂൺ മാസത്തിൽ ആരംഭിക്കും.

**5. Certificate Course in Theology (Two Years)** (affiliated to Chair for Christian Studies and Research, Calicut University)

- അൽമായർക്കും, സന്യസ്തർക്കും വേണ്ടിയുള്ള കോഴ്സാണിത്.
- 24 വിഷയങ്ങളുള്ള കോഴ്സാണിത്.
- ബോധന മാദ്ധ്യമം: മലയാളം
- മാസംതോറും ഒരു ഞായറാഴ്ച Online ആയി ക്ലാസ്സ്
- രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കുന്നു.

ഈ Certificate Course-ൽ 90 പേരാണ് പങ്കെടുക്കുന്നത്. ആദ്യ ക്ലാസ്സായ ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Saijo Thaikkattil) ജനുവരിമാസത്തിൽ നടന്നു.

**6. Catechumenate Course**

പുതിയതായി കത്തോലിക്കാ സഭയിൽ ചേരുന്നവർക്കുള്ള വിശ്വാസപരിശീലന കോഴ്സുകൾ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. വിവാഹത്തോടനുബന്ധിച്ച് കത്തോലിക്കവിശ്വാസം സ്വീകരിച്ചവർക്ക് കൂടുതൽ ആഴമുള്ള വിശ്വാസരൂപീകരണത്തിന് ഈ കോഴ്സ് ഉപകരിക്കും. ഇടവകകളിൽനിന്ന് അത്തരക്കാരെ ഈ കോഴ്സിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**7. Basic CTC & Advanced CTC**

നിയമിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ 3 വർഷത്തിനുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ ദൈവശാസ്ത്രവിദ്യാപീഠം ഒരുക്കിയിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലനകോഴ്സിൽ (Basic CTC) പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. അടുത്ത Basic CTCയുടെ തിയ്യതികൾ വൈകാതെ അറിയിക്കുന്നതാണ്.

വിശ്വാസവിഷയങ്ങൾ പഠിപ്പിക്കുന്നതിന് കുറെകൂടി ആഴമായ പരിശീലനം വിശ്വാസപരിശീലകർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള കോഴ്സ് ആണിത്. TTC, B.Ed എന്നീ കോഴ്സുകൾ ചെയ്തിട്ടില്ലാത്ത വിശ്വാസപരിശീലകരെയാണ് പ്രധാനമായും ഈ കോഴ്സിലേക്ക് പ്രതീക്ഷിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് ഊന്നൽ കൊടുത്തിട്ടുള്ള

താണ് ഇത്. ഇതിന് Institute of Theology യുടെ സർട്ടിഫിക്കറ്റ് ഉണ്ടാ യിരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

ആശംസകളോടെ,

**റവ. ഡോ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**റവ. ഡോ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത മേജർ സെമിനാരി

### സഭൈക്യപ്രാർത്ഥനാ

സഭൈക്യവാരത്തോടനുബന്ധിച്ച് ജനുവരി 23–ാം തിയ്യതി വൈകീട്ട് 7. 30 ന് നടത്തിയ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷക്ക് റവ. ഫാ. പോൾ പുളിക്കൻ കാർമ്മികത്വം വഹിച്ചു. തദവസരത്തിൽ റവ. ഫാ. സജി കണ യങ്കൽ സി. എസ്. ടി. സന്ദേശം നൽകി.

### റിപ്പബ്ലിക് ദിനാചരണം

ഇന്ത്യൻ റിപ്പബ്ലിക് ദിനമായ ജനുവരി 26–ാം തിയ്യതി രാവിലെ ബഹു. ആന്റണി കുരുതുകുളങ്ങരയച്ചൻ സെമിനാരി കുടുംബത്തോ ടൊപ്പം വിശുദ്ധ ബലിയർപ്പിച്ച് തിരുവചനസന്ദേശം നൽകുകയും അതേ തുടർന്ന് ദേശീയ പതാക ഉയർത്തുകയും ചെയ്തു. ബ്രദർ അജാക്സ് വെട്ടിയാടൻ റിപ്പബ്ലിക് ദിനാചരണത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാ രിച്ചു.

### MELODIA 2K22

വൈദികവിദ്യാർത്ഥികളിലെ സംഗീതപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജനുവരി 26–ാം തിയ്യതി **MELODIA 2K22**എന്ന സംഗീതാവതരണപരിപാടി സെമിനാരിയിൽ സംഘടിപ്പിച്ചു.

### യാത്രയയപ്പ്

തത്വശാസ്ത്ര പഠനം ഈ അധ്യയനവർഷം പൂർത്തിയാക്കുന്ന

വൈദികവിദ്യാർത്ഥികൾക്ക് സെമിനാരി കുടുംബം ഫെബ്രുവരി 5–ാം തിയ്യതി യാത്രയയപ്പ് നൽകി. അന്നേദിവസത്തെ സമൂഹബലിയിൽ റവ. ഫാ. മാത്യൂ പെരുമ്പള്ളിൽ മുഖ്യകാർമ്മികനായിരുന്നു. ബഹുമാനപ്പെട്ട ഫാ. സിബി ചെറുതോട്ടിൽ വചനസന്ദേശം നൽകി. തുടർന്ന് നടന്ന യാത്രയയപ്പ് യോഗത്തിൽ റവ. ഫാ. സൈജോ തൈക്കാട്ടിലും ബ്രദർ അലൻ മുകളേലും ആശംസകളർപ്പിച്ചു സംസാരിച്ചു. തത്വശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വൈദികവിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ബ്രദർ അജിൻ കാരയാട്ടും ബ്രദർ എഡ്വിൻ ജോർജ്ജ് അപ്പക്കോട്ടും അനുഭവങ്ങൾ പങ്കുവച്ചു. ബ്രദർ മാനുവൽ നെടുങ്ങാട്ട് എല്ലാവരോടും കൃതജ്ഞത പ്രകാശിപ്പിച്ച് സംസാരിച്ചു.

**കൃതജ്ഞതയോടെ ...**

മേരിമാതാ മേജർ സെമിനാരിയിലെ 8 വർഷത്തെ സ്തുത്യർഹമായ സേവനങ്ങൾക്കുശേഷം മോൺ. ജോർജ്ജ് മാനാടൻ 2022 ഫെബ്രുവരി 16–ാം തിയ്യതി തന്റെ പുതിയ ശുശ്രൂഷാരംഗമായ പീച്ചിയിലെ മേരിമാതാ ഭവനിലേക്ക് യാത്രയായി. ഫെബ്രുവരി 14–ാം തിയ്യതി ബഹു. ജോർജ്ജ് മാനാടച്ചൻ സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാ ദിവ്യബലിയർപ്പിച്ചു. അന്നേദിവസം റെക്ടറച്ചനും ബ്രദർ ജാക്സൺ തെക്കേക്കരയും അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ അനുസ്മരിച്ച് ആശംസകളർപ്പിച്ച് സംസാരിച്ചു. മോൺ. ജോർജ്ജ് മാനാടനച്ചനോട് മേരിമാതാ കുടുംബം ഏറെ കടപ്പെട്ടിരിക്കുന്നു.

**മാസധ്യാനം**

2022 ഫെബ്രുവരി മാസത്തെ ധ്യാനം 18, 19 തിയ്യതികളിലായി നടന്നു. തലശ്ശേരി അതിരൂപതാംഗമായ മല്പാൻ ബഹു. ഫാ. മൈക്കിൾ കാരിമറ്റമാണ് ധ്യാനചിന്തകൾ നൽകിയത്. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ അനുദിനം വളരാൻ പ്രത്യേകം ശ്രദ്ധ ചെലുത്തണമെന്ന് അച്ചൻ ഓർമ്മിപ്പിച്ചു.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**

റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ജൂബിലിയിൽ എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ നവജാതശിശുക്കൾ ക്കായുള്ള വെന്റിലേറ്റർ**

എച്ച്.ഡി.എഫ്.സി. ബാങ്കിന്റെ സി.എസ്.ആർ. പ്രോഗ്രാമിന്റെ ഭാഗമായി തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിക്ക് നവജാത ശിശുക്കൾക്കായുള്ള വെന്റിലേറ്ററുകളും അനുബന്ധ ഉപകരണങ്ങളും നൽകി അറുപത്തിരണ്ട് ലക്ഷം രൂപ വിലവരുന്ന ഉപകരണങ്ങൾ നവജാതശിശുക്കൾക്കായുള്ള ഐ.സി.യു.–വിലാണ് സ്ഥാപിക്കുക. എച്ച്.ഡി.എഫ്.സി. ബാങ്ക് സെൻട്രൽ കേരള സോണൽ ഹെഡ് ഹെമി സെബാസ്റ്റ്യൻ തൃശ്ശൂർ അതിരൂപത മെത്രാപൊലീത്ത മാർ ആൻഡ്രൂസ് താഴത്തിന് തുക കൈമാറി. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, അസോ. ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, ഫാ. അജിത് തച്ചോത്ത്, ഫാ. വർഗ്ഗീസ് കൂത്തൂർ, പ്രോജക്റ്റ് മാനേജർ ഇ. വി. വിനു, എച്ച്.ഡി.എഫ്.സി ബാങ്ക് ക്ലസ്റ്റർ ഹെഡ് ശ്രീ ലിജോ ശങ്കർ, ബ്രഞ്ച് മാനേജർ ശ്രീ. സജു ആന്റണി, റിലേഷൻഷിപ്പ് മാനേജർ ശ്രീ ആനന്ദ് അറക്കൽ എന്നിവർ സിഹിതരായിരുന്നു

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

- CMAI നടത്തിയ ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നോളജി (2019 – 2021) ദേശീയതല പരീക്ഷയിൽ വർഷ മോഹൻ കെ ഒന്നാം റാങ്കും, ജിസ്ന ജോസഫ് രണ്ടാം റാങ്കും, ഹരിത വി വി മൂന്നാം റാങ്കും കരസ്ഥമാക്കി.
- ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (IAP) നടത്തിയ നാഷണൽ റൗണ്ട് പോസ്റ്റ് ഗ്രാജുവേറ്റ് ക്വിസിൽ കേരളത്തിൽ നിന്ന് ആദ്യമായി, പീഡിയാട്രിക്സ് വിഭാഗം സീനിയർ റസിഡന്റ് ഡോ. നിത്യ ടി. ക്വിസ് മാസ്റ്ററായി തിരഞ്ഞെടുക്കപ്പെട്ടു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓൾ കേരള സയന്റിഫിക് സർജിക്കൽ ഡീലേഴ്സ്

അസോസിയേഷൻ (14 ഡയാലിസിസ്)

- ദർശന സഭ, സെന്റ് ജോൺസ് ബാപ്റ്റിസ്റ്റ് ചർച്ച്, നെടുപുഴ, തൃശ്ശൂർ (35 ഡയാലിസിസ്)
- വികാരി, സെന്റ് സെബാസ്റ്റ്യൻ തിരുന്നാൾ ഫണ്ട്, മേരിമാത ചർച്ച്, കുറ്റൂർ, തൃശ്ശൂർ (35 ഡയാലിസിസ്)
- ലില്ലി ഡേവിഡ്, തൈക്കാട്ടിൽ ഹൗസ്, പാമ്പൂർ, തൃശ്ശൂർ (14 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- അജിത്ത് എ, ഗാന്ധിഗ്രാം റോഡ്, കുരിയിച്ചിറ, തൃശ്ശൂർ
- സിമി ഷാജി, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ജിജി ഇ. എസ്, ആറാട്ടുപുഴ
- സിജു ലൂവിസ്
- ഡോ. ജൂലിറ്റ് ജോർജ്ജ്
- ഫെബി ജോൺസൺ, കാന്റീൻ സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- നീനു ഡേവിസ്
- സി.എൽ.സി. കോട്ടപ്പടി
- അനിൽ കുര്യാക്കോസ്, കോതമംഗലം
- ഷീജ, C/o. സി. സോയ റോസ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപ്പറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ
- ഫാ. ജിമ്മി എടക്കളത്തൂർ
- ഹരികൃഷ്ണൻ, മെയിന്റനൻസ് ഡിപ്പാർട്ടുമെന്റ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഫ്രാക്ളിൻ കെ. കെ, കിണറ്റിങ്കൽ ഹൗസ്, കുരിയിച്ചിറ, തൃശ്ശൂർ
- ഇൻഷൂറൻസ് ഡിപ്പാർട്ടുമെന്റ്

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. പേറ്റന്റ് ലഭിച്ചു**

കെമിസ്ട്രി വിഭാഗത്തിലെ അദ്ധ്യാപകനായ ഡോ. ജോസഫ് ജോളിക്ക് 'മാഗ്നറ്റിക് ഫീൽഡിന്റെ ഹൈപ്പർ തെർമിയ ആപ്ലിക്കേഷൻ എന്ന പുതിയ കണ്ടുപിടിത്തത്തിന് പേറ്റന്റ് ലഭിച്ചു. 2013 മുതൽ 20 വർഷത്തേയ്ക്കണ് പെയ്റ്റന്റ് ലഭിച്ചത്.

**2. വെബിനാർ**

കോമേഴ്സ് ഡിപ്പാർട്ട്മെന്റിന്റേയും, ഇന്നൊവേഷൻ കൗൺസിലിന്റേയും, ഐ.ഇ.ഡി.സി യുടേയും സംയുക്താഭിമുഖ്യത്തിൽ 'പ്രോബ്ളം സോൽവിംഗ് ആന്റ് ഐഡിയേഷൻ എന്ന വിഷയത്തിൽ വർക്ക്ഷോപ്പ് നടത്തി. ഗ്രെയ്റ്റർ നോയിഡയിലെ ഐ.ഐ.എം.റ്റി അക്കാദമിക് ഡീൻ ഡോ. ഭാസ്ക്കർ ഗുപ്ത വർക്ക്ഷോപ്പ് നയിച്ചു.

* വിദ്യാർത്ഥികൾക്ക് 'ഹൗ ടു പ്രിപയർ ഫോർ കോമ്പിറ്റേറ്റീവ് എക്സാമിനേഷൻസ്' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി എക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് മുൻ എച്ച്.ഒ.ഡി. ഡോ. കെ. പി. മാണി വെബിനാർ നയിച്ചു.

**3. നേട്ടം**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിലെ റിസർച്ച് സ്ക്കോളർ മിസ്. പ്രിയങ്ക അരവിന്ദ് പി. ഒരു കോടി മൈജി ഫ്ളവേഴ്സ് പ്രോഗ്രാമിൽ പങ്കെടുത്ത് ഒരു ലക്ഷം രൂപയുടെ സമ്മാനം കരസ്ഥമാക്കി.

**4. പി.എച്ച്.ഡി നേടി**

ജന്തുശാസ്ത്ര വിഭാഗം ഗവേഷക ശ്രീമതി അനില കെ., മുൻ എച്ച്.ഒ.ഡി ഡോ. ഫ്രാൻസിസ് കാക്കശേരിയുടെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി നേടി.

**5. പ്ലെയ്സ്മെന്റ് ലഭിച്ചു**

1) ഫെഡറൽ ബാങ്കിൽ അസിസ്റ്റന്റ് മാനേജർമാരായി 3 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.
2) സി.എസ്.എസ് കോർപ്പ് എന്ന സ്ഥാപനത്തിൽ 21 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.
3) ബൈജൂസ് ലേണിംഗ് ആപ്പ് എന്ന സ്ഥാപനത്തിലേക്ക് 7 വിദ്യാർത്ഥികൾക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.
4) 'ടി.സി.എസ്' കമ്പനിയിൽ 19 പേർക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.
5) 'എപ്പിസോഴ്സ്' കമ്പനിയിൽ 10 പേർക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.

6) ഡിലോയിറ്റ് കമ്പനിയിൽ 31 പേർക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.
7) സിഫോ ആർ & ഡി കമ്പനിയിൽ 15 പേർക്ക് പ്ലെയ്സ്മെന്റ് ലഭിച്ചു.
8) എം.ആർ.എഫിൽ 1, ഡി.എക്സ്.സി ടെക്നോളജിൽ 1 ഉം പ്ലെയ്സ്മെന്റ് ലഭിച്ചു. പ്ലെയ്സ്മെന്റ് നേടിയ വിദ്യാർത്ഥികൾക്കും അതിനു നേതൃത്വം നൽകിയ ഡോ. സുനിൽ സണ്ണിക്കും അഭിനന്ദനങ്ങൾ.

**6. അപ്രിസിയേഷൻ സർട്ടിഫിക്കറ്റ്**

ലൈബ്രേറിയൻ ശ്രീ സാൻജോ ജോസിന് 'സ്വയം കോഴ്സിൽ കുട്ടികളെ കൂടുതലായി പങ്കെടുപ്പിച്ചതിന് എൻ.പി.റ്റി.ഇ.എൽ ന്റെ പുരസ്ക്കാര സർട്ടിഫിക്കറ്റ് ലഭിച്ചു.

**7. ഏറ്റവും കൂടുതൽ കോഴ്സുകൾ പൂർത്തിയാക്കിയവരെ ആദരിച്ചു**

കോഴ്സിറയിൽ ഏറ്റവും കൂടുതൽ 'മൂക്ക്' കോഴ്സുകൾ പൂർത്തിയാക്കിയ 2 വിദ്യാർത്ഥികളെ ആദരിച്ചു. 511 കോഴ്സുകൾ വിജയപ്രദമായി പൂർത്തീകരിച്ച വിദ്യാർത്ഥികളായ മരിയ റോസ് ജോപോൾ, ആദിത്യരാജ് എന്നിവരെ ആദരിച്ചു.

**8. കോളേജ് ബസ് ലഭിച്ചു**

തൃശൂർ എം. പി. ശ്രീ ടി.എൻ പ്രതാപന്റെ എം.പി ഫണ്ടിൽ നിന്നും കോളേജിന് ഒരു പുതിയ ബസ് ലഭിച്ചു. ശ്രീ. ടി.എൻ പ്രതാപൻ അവർകൾക്ക് സ്നേഹത്തോടുകൂടി നന്ദി രേഖപ്പെടുത്തുന്നു.

**9. വെബിനാർ**

ഇന്നൊവേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 'സീഡിംഗ് എ ഇന്നൊവേഷൻ കൽച്ചർ ഇൻ കോളേജ്  എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജ് (എഞ്ചിനീയറിംഗ്) അദ്ധ്യാപകൻ ശ്രീ രാഹുൽ മനോഹർ ക്ലാസ്സ് നയിച്ചു.

* കുക്കറി ക്ലബിന്റെ ആഭിമുഖ്യത്തിൽ 'ഫുഡ് ആന്റ് ന്യൂട്രീഷൻ എന്ന വിഷയത്തിൽ പ്രശസ്ത ന്യൂട്രീഷനിസ്റ്റ് രാജലക്ഷ്മി ക്ലാസ്സു നയിച്ചു.

* ഒന്നും രണ്ടും വർഷ ബിരുദ വിദ്യാർത്ഥികൾക്കായി കേരള ഡെവലപ്പ്മെന്റ് ആന്റ് ഇന്നൊവേഷൻ സ്ട്രാറ്റജി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ യങ്ങ് ഇന്നൊവേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**10. റിപ്പബ്ലിക് ദിനം ആഘോഷിച്ചു**

എൻ.സി.സി യുടെ ആഭിമുഖ്യത്തിൽ റിപ്പബ്ലിക് ദിനാഘോഷവും പരേഡും നടത്തി. പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കെ.എ. പതാക ഉയർത്തി.

**11. ഫോർ സ്റ്റാർ ഇൻസ്റ്റിറ്റ്യൂട്ട്**

ദേശീയ ഇന്നൊവേഷൻ കൗൺസിൽ, കോളേജ് ഇന്നൊവേഷൻ പ്രവർത്തനങ്ങളെ വിലയിരുത്തി ഈ വർഷത്തെ ഏറ്റവും ഉയർന്ന ഗ്രേഡായ 'ഫോർ സ്റ്റാർ' നൽകി അഭിനന്ദിച്ചു. ഇന്നൊവേഷൻ സെല്ലിന്റെ കൺവീനർ ഡോ. ജോൺസ് നടുവത്തിനും അംഗങ്ങൾക്കും അഭി

നന്ദനങ്ങൾ.

**12. എൻ.സി.സി**

എൻ.സി.സി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലോക കാൻസർ ദിനത്തോടനുബന്ധിച്ച് വെബിനാർ സംഘടിപ്പിച്ചു. കേരള ഹെൽത്ത് സർവ്വീസിലെ ഡോ. ആനന്ദ് സെബാസ്റ്റ്യൻ 'നൊ വൺ ഫൈറ്റ്സ് എലോൺ എന്ന വിഷയത്തിൽ വെബിനാർ നയിച്ചു.

**13. ഹിന്ദിദിനാചരണം**

ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഹിന്ദി ദിനാചരണം ഉപന്യാസ രചന മത്സരത്തോടെ നടത്തപ്പെട്ടു. വിജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**14. കായികം**

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടന്ന സ്പോർട്ട്സ് ചാമ്പ്യൻഷിപ്പിൽ പുരുഷവിഭാഗത്തിൽ ഒന്നാം സ്ഥാനവും, ഓവറോൾ, 299 പോയിന്റോടെ രണ്ടാംസ്ഥാനവും നേടി. കായിക വിദ്യാർത്ഥികൾക്കും, പരിശീലകർക്കും അഭിനന്ദനങ്ങൾ.

**15. തൃശൂർ ജില്ലാ ഒളിംപിക് ഗെയിംസ് 2022**

തൃശൂർ ജില്ലാ ഒളിംപിക് ഗെയിംസിൽ ബോട്ടണി ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥി ഫ്രാൻസിസ് കെ.കെ നീന്തൽ മത്സരങ്ങളിൽ 2 ഫസ്റ്റും, ഒരു സെക്കന്റും നേടി.

* മാത്സ് ഡിപ്പാർട്ട്മെന്റിലെ പ്രിത്വീൻ അനീഷ് ഈ മത്സരങ്ങളിൽ 4 ഫസ്റ്റും, രണ്ടു സെക്കന്റും നേടി.

**16. ഐ.ഐ.ക്യു.എ സമർപ്പിച്ചു**

നാക്ക് വിസിറ്റിംഗിന് ആവശ്യമായ ഐ.ഐ.ക്യു.എ ഈ മാസം സമർപ്പിച്ചു. മാനേജർ മാർ ടോണി നീലങ്കാവിൽ ഐ.ഐ.ക്യു.എ സമർപ്പണം നിർവ്വഹിച്ചു.

**17. എൻ.എസ്.എസ് യൂണിറ്റ്**

1) റോഡ് സേഫ്റ്റി ദിനത്തോടനുബന്ധിച്ച് എൻ.എസ്.എസ് യൂണിറ്റ് റോഡ് സേഫ്റ്റി റൂൾസ് ആന്റ് ട്രാഫിക് അവയർനസ് എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീമതി ഷീബ സി.സി വെബിനാർ നയിച്ചു.
2) രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് ഡിബേറ്റ് മത്സരം സംഘടിപ്പിച്ചു.
3) ലോക കാൻസർ ദിനം ദേശീയ വോട്ടേഴ്സ് ഡെ, ദേശീയ യുവജന ദിനം, ഇന്ത്യൻ ആർമി ദിനം എന്നിവ ആചരിച്ചു.
4) റിപ്പബ്ലിക് ദിനം, ഓൺലൈൻ പ്രതിജ്ഞ പുതുക്കി ആഘോഷിച്ചു.
5) ദേശീയ ടൂറിസം ഡെ 'വിർച്ച്വൽ ടൂർ' നടത്തി അനുസ്മരിച്ചു.
6) ദേശീയ 'പെൺകുഞ്ഞ്' ദിനത്തിൽ പോസ്റ്റർ മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി.
7) പുഴയ്ക്കൽ ബ്ലോക്ക് ഓഫീസ്, താലൂക്ക് ഓഫീസ് തൃശൂർ എന്നിവ

വൃത്തിയാക്കി.

8) പാലിയേറ്റീവ് കെയർ ഡെ ആഘോഷിച്ചു. ജ്യോതി ജയൻ വാര്യർ വെബിനാർ നയിച്ചു.

**18. ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് നേടി**

ഡിസോൺ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഈ വർഷത്തെ ഡിസോൺ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് കോളേജിന് ലഭിച്ചു.

**19. അഭിനന്ദനം**

കോഴിക്കോട് മലബാർ ക്രിസ്റ്റ്യൻ കോളേജ് നടത്തിയ ജനറൽ ക്വിസ്സ് മത്സരത്തിൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ അജിൻ പി., ശ്രീഹരി എന്നിവരുടെ ടീം ഒന്നാം സ്ഥാനം നേടി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**20. ദേശീയ ഫുട്ബോൾ ടീം**

ദേശീയ ഇന്റർ യൂണിവേഴ്സിറ്റി ഫുട്ബോൾ മത്സരത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പ് നേടി. കോളേജിലെ ഷംനാദ് കെ.പി, മുഹമ്മദ് ഷഹീഫ് എന്നിവർ വിജയിച്ച ടീമിൽ അംഗങ്ങളാണ്.

**21. ആദരാഞ്ജലി**

ഒ.എസ്.എ പ്രസിഡന്റ് ആയിരുന്ന ഡോ. എം. ജയപ്രകാശിന്റെ നിര്യാണത്തിൽ കോളേജ് ആദരാഞ്ജലികൾ നേർന്നു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ.

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**ഇനിഷേറ്ററി സ്കൂൾ എക്സ്പീരിയൻസ്**

ജനുവരി 17–ാം തിയ്യതി മുതൽ 21–ാം തിയ്യതി വരെ നീളുന്ന ഇനിഷേറ്ററി സ്കൂൾ എക്സ്പീരിയൻസ് ഒന്നാം സെമസ്റ്റർ ബി.എഡ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചു.

**വെബിനാർ സംഘടിപ്പിച്ചു**

ജനുവരി 27–ാം തിയ്യതി വ്യാഴാഴ്ച കാലത്ത് 9.30ന് ലഹരി ഉപയോഗത്തിന് എതിരായുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് അസിസ്റ്റന്റ് പ്രൊഫസർ മിസിസ് രേഷ്മയുടെ നേതൃത്വത്തിൽ വെബിനാർ സംഘടിപ്പിച്ചു. പ്രസ്തുത ക്ലാസിൽ സ്റ്റാഫ് സെക്രട്ടറി മിസിസ് റോസ്‌വിൻ സി.പീറ്റർ സ്വാഗതം പറഞ്ഞു. കോളേജ്

പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ ആശംസകളർപ്പിച്ചു. തദവസരത്തിൽ മിസ്സ്.ബൈമി വി.സി നന്ദിയർപ്പിച്ചു.

**ആർട്സ് ആന്റ് ഡ്രാമ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

ഫെബ്രുവരി 1 ന് ചൊവ്വാഴ്ച കാലത്ത് 9.30ന് ഗൂഗിൾ മീറ്റിൽ ആർട്സ് ആന്റ് ഡ്രാമ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. തിയേറ്റർ എഡ്യൂക്കേഷനെക്കുറിച്ച് റവ.ഫാ.ഫിജോ ആലപ്പാടൻ (ഡയറക്ടർ ഓഫ് കലാസദൻ ഓർക്കസ്ട്ര) ക്ലാസെടുത്തു. പ്രസ്തുത ക്ലാസിൽ അലീന ജോസഫ് സ്വാഗതം പറയുകയും അനഘ എൻ.വി നന്ദി അർപ്പിക്കുകയും ചെയ്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............2022 മാർച്ച്**

മാർച്ച് 4 (വെള്ളി) – ആദ്യവെള്ളി
മാർച്ച് 8 (ചൊവ്വ) – ലോക വനിതാദിനം
മാർച്ച് 19 (ശനി) – വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
മാർച്ച് 22 (ചൊവ്വ) – ലോക ജലദിനം
മാർച്ച് 23 (ബുധൻ) – ലോക കാലവസ്ഥാദിനം
മാർച്ച് 25 (വെള്ളി) – മംഗലവാർത്ത തിരുനാൾ

**2. നന്ദിയോടെ.....**

തൃശൂർ അതിരൂപത കോർപറേറ്റ് എഡ്യക്കേഷണൽ ഏജൻസിയുടെ ചെയർമാൻ എന്ന ഉത്തരവാദിത്വം കഴിഞ്ഞ ആറ് വർഷത്തോളം ഏറെ സ്തുത്യർഹമാംവിധം നിറവേററി സ്ഥാനമൊഴിഞ്ഞ പെ. ബഹു. മോൺ. തോമസ് കാക്കശ്ശേരിക്ക് സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

തൃശൂർ അതിരൂപത കോർപറേറ്റ് എഡ്യക്കേഷണൽ ഏജൻസി സ്കൂളുകളുടെ മാനേജർ എന്ന ഉത്തരവാദിത്വം ഏറെനന്നായി നിറവേററി സ്ഥാനമൊഴിയുന്ന എല്ലാ മാനേജർമാർക്കും സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

**3. സ്വാഗതം.......**

തൃശൂർ അതിരൂപത കോർപറേറ്റ് എഡ്യക്കേഷണൽ ഏജൻസി

യുടെ ചെയർമാൻ എന്ന ഉത്തരവാദിത്വം ഏറെറടുത്ത പെ. ബഹു. മോൺ. ജോസ് കോനിക്കരയ്ക്ക് (ജൂനിയർ) സ്വാഗതം.

തൃശൂർ അതിരൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി സ്കൂളുകളുടെ മാനേജർ എന്ന ഉത്തരവാദിത്വം ഏറെറടുത്ത എല്ലാ മാനേജർമാർക്കും സ്വാഗതം.

**4. സ്ഥലമാററ അപേക്ഷകൾ**

അധ്യാപകർ സ്ഥലം മാററത്തിനുള്ള അപേക്ഷകൾ മാനേജരച്ച ന്മാരുടെ ഒപ്പോടുകൂടി 2022 മാർച്ച് 31 ന് വൈകീട്ട് 5 മണിക്ക് മുമ്പായി കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ഓഫീസിൽ സമർപ്പിക്കേ ണ്ടതാണ്. രണ്ട് അധ്യയനവർഷം പൂർത്തിയായവർക്ക് അപേക്ഷ സമർ പ്പിക്കാവുന്നതാണ്.

**5. മെയിന്റനൻസ് ഗ്രാന്റ്**

മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ തയ്യാറാക്കി സമയത്തിന് വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കി സംഖ്യ കിട്ടുന്നതിനുള്ള ക്രമീകരണങ്ങൾ പ്രധാനധ്യാപകർ ചെയ്യേണ്ട താണ്.

**6. വാർഷിക പരീക്ഷകൾ**

വാർഷിക പരീക്ഷകൾ ആരംഭിക്കാറായി. വിദ്യാർത്ഥിനി വിദ്യാർത്ഥികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പി ക്കുന്നു. S.S.L.C., Plus Two വിദ്യാർത്ഥികൾക്ക് സ്പെഷൽ ക്ലാസ്സുകൾ വേണമെ ങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ നൽകുന്ന നിർദേ ശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കു ന്നവർക്ക് പ്രത്യേക പരിശീലനം നൽകി, എല്ലാ സ്കൂളുകളും 100% വിജയം നേടാൻ പ്രത്യേകം ശ്രദ്ധിക്കുക. ഫുൾ A+ കിട്ടുവാൻ സാധ്യതയുള്ളവർ ക്കും പ്രത്യേകം പരിശീലനം നൽകുമല്ലോ.

**7. ഉപദേശകസമിതി മീറ്റിംങ്ങ്**

17-1-2022 ന് തിങ്കളാഴ്ച അതിരൂപത മെത്രാസന മന്ദിരത്തിൽ കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ഉപദേശകസമിതി മീററിംങ്ങ് നടന്നു. ഏജൻസിയുടെ വാർഷിക കണക്ക് വായിച്ചു പാസാ ക്കി, ഭിന്നശേഷി സംവരണത്തെപ്പററി ചർച്ചകൾ നടത്തി.

**8. മാനേജേഴ്സ് മീറ്റിംങ്ങ്**

18-1-2022 ന് ചൊവ്വാഴ്ച അതിരൂപത മെത്രാസന മന്ദിരത്തിൽ കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള മാനേജർ മാരുടെ മീററിംങ്ങ് നടന്നു. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളെ വില യിരുത്തി. അധ്യാപക അനധ്യാപക നിയമനങ്ങള പററി ചർച്ചകൾ നടത്തി.

**9. കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി, തൃശ്ശൂർ അതിരൂപത റിട്ടയർമെന്റ് ലിസ്റ്റ് 2021–2022.**

| Sl. No. | Name | Designation | Date of Birth | Subject | School from where the retirement effects | Parent school |
|---|---|---|---|---|---|---|
| 1. | Raji V.A. | Principal | 12/04/66 | - | St. Thomas H.S.S., Thiroor | H.S. Mannampetta |
| 2. | Dr. Joy K.A. | Principal | 29/05/66 | - | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 3. | Jestin Thomas P. | Headmaster | 19/04/66 | - | St. Sebastian's H.S., Chittattukara | H.S.S. Thope, Thrissur |
| 4. | Sherly T.O. | Headmistress | 30/05/66 | - | St. Antony's H.S.S., Pudukad | H.S. Mannampetta |
| 5. | Usha T.J. | Headmistress | 25/02/66 | - | St. Joseph's U.P.S., Kundannur | L.P.S. East Mangad |
| 6. | Jose O.L. | Headmaster | 19/03/66 | - | R.C.U.P.S., Thoyakkavu | U.P.S. Poovathur |
| 7. | Moly T.C. | Headmistress | 04/05/66 | - | St. Xavier's U.P.S., Velur | U.P.S. Velur |
| 8. | Katherine K.C. | Headmistress | 31/05/66 | - | St. Ignatius U.P.S., Manalur | H.S.S. Thiroor |
| 9. | Jesy P.C. | Headmsitress | 31/05/66 | - | St. George's U.P.S., Mukkattukara | H.S.S. Varandarappilly |
| 10. | Leena Ouseph P. | Headmistress | 26/03/66 | - | Little Flower L.P.S., Ponnore | H.S.S. Mayannur |
| 11. | Vincent P.D. | Headmaster | 03/05/66 | - | St. John's L.P.S., Parappur | H.S.S. Parappur |
| 12. | Elsy C.T. | Headmistress | 25/05/66 | - | St. Thomas L.P.S., Thiroor | U.P.S. Kundannur |
| 13. | Leena M.L. | HSST | 04/03/66 | Commerce | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 14. | Raju C.J. | HSST (Junior) | 25/05/66 | Botany | C.J.M.A.H.S.S., Varandarappilly | H.S. Aranattukara |

| | | | | | | |
|---|---|---|---|---|---|---|
| 15. | Valsa V.O. | HST | 03/05/66 | Physical Science | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 16. | James P. Paul | HST | 28/05/66 | Physical Science | St. Antony's H.S.S., Ammadam | H.S.S. Ammadam |
| 17. | Lissy K.M. | HST | 31/05/66 | Physical Science | St. Thomas H.S.S. Thope, Thrissur | General |
| 18. | Rajeena V.J. | HST | 30/01/66 | Natural Science | St. Thomas H.S.S. Vallachira | U.P.S . Koonammuchi |
| 19. | Mercy V.J. | HST | 29/05/66 | Natural Science | St. Thomas H.S.S., Engandiyur | H.S.S., Engandiyur |
| 20. | Sheeba Francis K.P. | HST | 04/12/65 | Social Science | St. Antony's H.S.S., Pudukad | H.S. Chevoor |
| 21. | Stella Augustine K. | HST | 10/02/66 | Social Science | St. Joseph's H.S.S., Velupadam | H.S. Chengaloor |
| 22. | Philo Francis N. | HST | 05/03/66 | Social Science | St. Thomas C.H.S.S., Thrissur | U.P.S. Paravattani |
| 23. | Shyne K.L. | HST | 10/05/66 | Social Science | St. Antony's H.S.S., Ammadam | H.S.S. Ammadam |
| 24. | Lissy Joseph K. | HST | 15/05/66 | Social Science | St. Antony's H.S.S., Pazhuvil | L.P.S. Valapad |
| 25. | Shaju V.A. | HST | 28/05/66 | Social Science | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 26. | Elsy K.O. | HST | 31/05/66 | Social Science | Matha H.S., Mannampetta | U.P.S. Vendore |
| 27. | Jessy V.G. | HST | 31/05/66 | Social Science | St. Joseph's H.S., Enamakkal | H.S. Enamakkal |
| 28. | Tony T.J. | HST | 12/08/65 | Mathematics | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |
| 29. | Roja Mathew N. | HST | 13/05/66 | Mathematics | St. John's H.S.S., Parappur | General |
| 30. | Lissy M.J. | HST | 21/05/66 | Mathematics | St. Xavier's H.S., Chevoor | H.S.S. Thiroor |
| 31. | Mohammed Sherief V.M. | HST | 10/04/66 | Arabic | St. Joseph's H.S.S., Velupadam | H.S.S. Pazhuvil |
| 32. | Gracy P.J. | HST | 16/04/66 | Malayalam | St. John's H.S.S., Parappur | H.S.S. Pudukad |

| | | | | | | |
|---|---|---|---|---|---|---|
| 33. | Jhanzy A.O. | HST | 28/05/66 | Malayalam | St. Xavier's H.S., Chevoor | General |
| 34. | Reena G. Tharayil | HST | 22/03/66 | Hindi | C.J.M.A.H.S.S., Varandarappilly | H.S.S. Pudukad |
| 35. | Nitty V. Brahmakulam | HST | 01/01/66 | Hindi | Tharakan's H.S., Aranattukara | H.S.S. Puthenpeedika |
| 36. | Sheela M.J. | HST | 18/05/66 | Hindi | C.J.M.A.H.S.S., Varandarappilly | H.S.S. Varandarappilly |

| Sl. No. | Name | Designation | Date of Birth | School from where the retirement effects | Parent school |
|---|---|---|---|---|---|
| 37. | Stella K.G. | UPST | 01/01/66 | St. Joseph's U.P.S., Kundannur | U.P.S. Mukkattukara |
| 38. | Blussy Varhese Tharayil | UPST | 03/11/65 | St. Sebastian's H.S., Chittattukara | H.S.S. Parappur |
| 39. | Latha K. Chakko | UPST | 18/01/66 | St. Xavier's H.S., Chevoor | H.S. Chevoor |
| 40. | Sheeja T.C.V. | UPST | 24/02/66 | St. Thomas H.S.S., Thiroor | H.S.S. Thiroor |
| 41. | Sherly Raphael | UPST | 25/03/66 | C.J.M.A.H.S.S., Varandarappilly | H.S. Mannampetta |
| 42. | Tessy Puthur | UPST | 30/03/66 | St. Antony's U.P.S., Poovathur | L.P.S. Mullassery |
| 43. | Beena V.J. | UPST | 30/05/66 | St. Thomas U.P.S., Koonammuchi | L.P.S. Arthat |
| 44. | Lizy T.P. | UPST | 20/05/66 | St. Xavier's H.S., Chevoor | H.S.S. Pazhuvil |
| 45. | Pushpum K.V. | LPST | 01/12/65 | Matha H.S., Mannampetta | L.P.S. Marathakara |
| 46. | Rosy C.J. | LPST | 04/12/65 | St. Louis L.P.S., Venmenad | H.S. Enamakkal |
| 47. | Jolly P.C. | LPST | 26/02/66 | Matha H.S., Mannampetta | L.P.S. Karamuck |

| | | | | | |
|---|---|---|---|---|---|
| 48. | Veroni C.V. | LPST | 01/05/66 | St. Antony's U.P.S., Poovathur | H.S. Enamakkal |
| 49. | Peter M.D. | LPST | 22/05/66 | St.Francis Xavier's R.C.U.P.S., Vatanappally | H.S.S. Engandiyur |
| 50. | Seena E.A. | LPST | 28/05/66 | St. Sebastian's H.S., Chittattukara | General |
| 51. | Maggy P.P. | LPST | 28/05/66 | Pope John L.P.S., Kuriachira | U.P.S. Paravattani |
| 52. | Annie Sebastian | LPST | 30/05/66 | St. Francis L.P.S., Pudussery | L.P.S. Varandarappilly |
| 53. | Cigi C. Davis | LPST | 30/05/66 | St. Ignatius U.P.S., Manalur | U.P.S. Mukkattukara |
| 54. | Pushpam T.V. | LPST | 30/05/66 | St. Sebastian's R.C.L.P.S., Valapad | L.P.S. Valapad |
| 55. | Philomina C.T. | Junior Urdu | 14/03/66 | St. Thomas U.P.S., Kooanmmuchi | General |
| 56. | Jonson P.V. | Physical Education | 30/05/66 | St. Thomas H.S.S., Thiroor | General |
| 57. | T.T. Benny | Physical Education | 31/05/66 | St. Joseph's H.S.S., Velupadam | H.S. Mannampetta |
| 58. | Thressia A.L. | Needle Work | 06/01/66 | St. Antony's H.S.S., Pudukad | H.S.S. Pudukad |
| 59. | K.P. Lorance | Clerk | 17/02/66 | St. Joseph's H.S.S., Avinissery | General |
| 60. | Joseph M.C. | Lab Assistant | 04/05/66 | St. Joseph's H.S.S., Avinissery | U.P.S. Vendore |
| 61. | Valsa E.K. | Office Attendant | 15/05/66 | C.J.M.A.H.S.S., Varandarappilly | U.P.S. Thoyakkavu |
| 62. | Joseph C.J. | Office Attendant | 15/05/66 | St. Ignatius U.P.S., Manalur | H.S. Enamakkal |
| 63. | Varghese P.A. | Office Attendant | 16/05/66 | St. Joseph's H.S., Enamakkal | General |
| 64. | Varghese A.P. | Office Attendant | 20/05/66 | St. Mary's U.P.S., Vendore | H.S.S. Pudukad |
| 65. | Joseph P.F. | Office Attendant | 15/10/66 | St. Xavier's U.P.S., Velur | General |

**Note:**

1. Parent school means:

(a) School from where the Nomination is received or

(b) School at which the teacher on worked as on 31-3-1971.

2. Nomination facility in present school is only applicable to this Archdiocese.

3. The school can't enjoy the Nomination facility if there is division fall in previous years.

4. If the retirement vacancy arises in the protected post, the school will not enjoy the Nomination facility.

5. The final list of Nomination will be published only after the Managers' Meeting.

6. Irregularities on parent school will be clarified at the time of Managers' Meeting, if any.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# എക്സൽ അക്കാദമി

## K- TET- course (Kerala Teachers Eligibility Test)

എക്സൽ അക്കാദമിയിൽ K-TET-courseന്റെ പുതിയ ബാച്ചിന്റെ അഡ്മിഷൻ 2022 ഫെബ്രുവരി 20–ാം തിയ്യതി ആരംഭിച്ചു. കാറ്റഗറി 1, 2, 3, 4 കാറ്റഗറിയിലുള്ള വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്.

contact no: 9847276657

## KER - KSR - Course

എക്സൽ അക്കാദമിയിൽ KER - KSR - Course ന്റെ അഡ്മിഷൻ ഫെബ്രുവരി 28–ാം തിയ്യതി ആരംഭിക്കും. പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ടെസ്റ്റിന്റെ കോഴ്സാണ് KER-KSR - Course.

**Foundation course**

8, 9, 10 ക്ളാസുകളിലെ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിൽ അഡ്മിഷൻ എടുക്കാവുന്നതാണ്. രണ്ടാം ശനിയാഴ്ചളിലും, പബ്ളിക് ഹോളിഡേയ്സിലും Foundation Entrance Examൽ 8, 9, 10, 11, 12 ക്ളാസുകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

വിശദവിവരങ്ങൾക്ക്

**9847276657, 974494585**

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**1. ഭവനം ആശീർവദിച്ചു നല്കി.**

ആറമ്പിള്ളി ഇടവകയിൽ കോവിഡ് ബാധിച്ച് 2021 ജൂലായിൽ നിര്യാതനായ ഇമ്മട്ടി ജെയിംസിന്റെ കുടുംബത്തിന് ഗ്രേറ്റ് ബ്രിട്ടൻ രൂപതയിലെ ബെർമിങ്ഹാം സെന്റ്ബെനഡിക്റ്റ് മിഷൻ സെന്റർ സ്പോൺസർ ചെയ്ത ഭവനത്തിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവ് നിർവ്വഹിച്ചു. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ഭവനത്തിന്റെ ആശീർവാദ കർമ്മത്തിൽ ബർമിങ് ഹാം മിഷൻ സ്റ്റേഷൻ വികാരി ഫാ.ടെറിൻ മുള്ളക്കര, സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഫാ.ഡോ. ജോസ് വട്ടക്കുഴി എന്നിവർ സന്നിഹിതരായിരുന്നു.

**2. യാത്രയയപ്പ് യോഗം നടത്തി.**

സാന്ത്വനത്തിന്റെ ചെയർമാനായി 6 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ജ്യോതി എഞ്ചിനീയറിങ്ങ്കോളേജിന്റെ റസിഡന്റ് എക്സി.മാനേജറായി സ്ഥലം മാറിപ്പോകുന്ന മോൺ.തോമസ് കാക്കശ്ശേരിയച്ചനും കെ.സി.ബി.സി യുടെ സാരഥി പ്രസ്ഥാനത്തിന്റെ

ഡയറക്ടറായി മാറിപ്പോകുന്ന അസി.ഡയറക്ടർ ഫാ.സിന്റോ തൊറയനച്ചനും സെന്റ് തോമസ് കോളേജ് അധ്യപകനായി മാറിപ്പോകുന്ന അസി. ഡയറക്ടർ ഫാ.പോൾ മാളിയമ്മാവിനും യാത്രയയപ്പ് നല്കുന്നതിനും കുറച്ചുനാളുകളിലായി സാന്ത്വനത്തിൽ നിന്നും സേവനം പൂർത്തിയാക്കിയ സ്റ്റാഫംഗങ്ങൾക്ക് നന്ദി പറയുന്നതിനുമായി ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽ വെച്ച് യോഗം ചേർന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് സാന്ത്വനം അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ ഡയറക്ടർ ഫാ.ജോയ് മൂക്കൻ, സ്ഥലം മാറിപ്പോകുന്ന അച്ചന്മാരുടെയും സ്റ്റാഫിന്റെയും സേവനങ്ങൾ എടുത്തുപറഞ്ഞ് പ്രത്യേകം നന്ദി പറയുകയും പുതിയ മേഖലകളിലേക്ക് പോകുന്ന എല്ലാവർക്കും ആശംസകൾ നേരുകയും ഉപഹാരങ്ങൾ ന്ലകുകയും ചെയ്തു. സ്വിഫ്റ്റ് കുറീസ് മാനേജിങ്ങ് ഡയറക്ടർ ശ്രീ. പി.ജെ ജോണി, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീമതി. മേരി റെജീന, KCYM അതിരൂപത പ്രസിഡണ്ട് ശ്രീ. സാജൻ ജോയ് , സാന്ത്വനം SHG കോർഡിനേറ്റർ ശ്രീമതി.ബീന വർഗ്ഗീസ് തുടങ്ങിയവർ സാന്ത്വനത്തിൽ നിന്നും സേവനം പൂർത്തിയാക്കിപ്പോകുന്ന എല്ലാവർക്കും നന്ദിയും ആശംസകളും നേർന്നു. സാന്ത്വനം ഫിനാൻസ് മാനേജർ ശ്രീ. തോമസ് പെരിഞ്ചേരി എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.

**3. അതിരൂപതയിലെ നവവൈദികർക്ക് ആശംസകൾ നേർന്നു.**

അതിരൂപതയിലെ നവവൈദികർക്ക് PAROC ന്റെ നേതൃത്വത്തിൽ നടത്തിയ ഓറിയന്റേഷൻ കോഴ്സിൽ അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനത്തെ പരിചയപ്പെടുത്തിക്കൊണ്ട് സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസോ.ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി എന്നിവർ സംസാരിച്ചു. PAROC ഡയറക്ടർ ഫാ.സാജൻ പിണ്ടിയാൻ നേതൃത്വം നല്കിയ കോഴ്സിൽ 12 നവവൈദികർ പങ്കെടുത്തു. പങ്കെടുത്ത വൈദികർക്ക് സാന്ത്വനം ആശംസകളർപ്പിച്ചതോടൊപ്പം ഉപഹാരങ്ങളും നല്കുകയുണ്ടായി.

**4. ആശാകിരണം**

അതിരൂപത സാമൂഹ്യക്ഷേമവിഭാഗമായ സാന്ത്വനവും കാരിത്താസ് ഇന്ത്യയും സംയുക്തമായി നടപ്പലാക്കിവരുന്ന ആശാകിരണം കാൻസർ സുരക്ഷായജ്ഞത്തിന്റെ ഭാഗമായി, വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. ഫെബ്രുവരി 4 കാൻസർ ദിനാചരണത്തോടനുബന്ധിച്ച് *കുട്ടികളുടെ മാനസീകാരോഗ്യവും യോഗയും* എന്ന വിഷയത്തിൽ

ഓൺലൈൻ വെബിനാർ നടത്തി. സ്കൂൾതല കാൻസർബോധവല്ക്കരണ സംഘടനയായ ലാവൻഡർ ആർമിയുടെ സ്കൂളുകളിലെ ആനിമേറ്റർമാർ, കുട്ടികൾ, സാന്ത്വനം അസോ.ഡയറ്ക്ടർ ഡോ.ജോസ് വട്ടക്കുഴി, കോർഡിനേറ്റർ തുടങ്ങി നൂറോളം പേർ പങ്കെടുത്ത ക്ലാസ്സ് നയിച്ചത് ചേർത്തല ഹോമിയോ ആശുപത്രിയിലെ തെറാപ്യൂട്ടിക് യോഗ ട്രെയിനറായ ശ്രീമതി. അക്ഷയ പി.എസ് ആണ്.

കാൻസർ ദിനാചരണത്തോടനുബന്ധിച്ച് ലാവൻഡർ ആർമിയിലെ കുട്ടികൾക്കായി പോസ്റ്റർ ഡിസൈനിങ്ങ് മത്സരം സംഘടിപ്പിച്ചു. ലാവൻഡർ ആർമി സ്കൂളുകൾ കേന്ദ്രീകരിച്ച് കാൻസർ രോഗികളുള്ള കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യകിറ്റുകളും മെഡിക്കൽ കിറ്റുകളും വിതരണം ചെയ്തു.സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ അമല മേരി റാണി പബ്ലിക് സ്കൂളിൽ വെച്ച് കിറ്റുകളുടെ വിതരണോദ്ഘാടനം നിർവ്വഹിച്ചു.സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ റീന പൊറത്തൂർ, കോർഡിനേറ്റർ ശ്രീ. നെൽസൺ സി.ടി. ,ആനിമേറ്റർ ശ്രീമതി. ഷൈനി E.L. എന്നിവർ പങ്കെടുത്തു.

ആശാകിരണം DLA മാരുടെ ജനുവരി മാസത്തെ മീറ്റിങ്ങിൽ സാന്ത്വനം കോർഡിനേറ്റർ ശ്രീ. നെൽസൺ സി.ടി. പങ്കെടുത്തു.

**5. ഗോഡ്സ് ഓൺ ഫാമിലി**

തൃശൂർ അതിരൂപത സാമൂഹ്യക്ഷേമപ്രസ്ഥാനമായ സാന്ത്വനത്തിന്റെ ഗോഡ്സ് ഓൺ ഫാമിലി പദ്ധതി വഴി 5 വർഷം നിശ്ചിതസംഖ്യ നല്കുകയും സ്വയം തൊഴിൽ പരിശീലനം നല്കി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക് എത്താൻ സഹായിക്കുകയും ചെയ്തുവരുന്നു. പത്ത് വർഷം കൊണ്ട് മുന്നൂറോളം കുടുംബങ്ങൾക്കായി 1,80,00,000/- രൂപ ഇത്തരത്തിൽ സാന്ത്വനത്തിനു നല്കാൻ കഴിഞ്ഞത് ഉദാരമതികളുടെ അകമഴിഞ്ഞ സഹായത്താൽ മാത്രമാണ്. ഈ പദ്ധതിയിലെ കാലാവധി പൂർത്തീകരിച്ച്, എക്കൗണ്ട് ക്ലോസ് ചെയ്ത് നല്കിയ കുടുംബങ്ങളുടെ ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു.

അരിമ്പൂർ–Rs.5776/–, ചേലക്കര–Rs.10,00,813/–, വലക്കാവ്–Rs.36,793/–, പടവരാട്–Rs.32,742/–, പുത്തൂർ– Rs.23,277/–, ചേറുകുഴി– Rs.32,221/–, തലോർ– Rs.14,865/–, വെട്ടുകാട്– Rs.11,1783/–, പീച്ചി– Rs.28,745/–, നടത്തറ– Rs.6136/–, മുല്ലശ്ശേരി–Rs.20,963/–, മുളയം–Rs.39,579/–.

ക്യാൻസർ, കിഡ്ണി, കോവിഡാനന്തര രോഗങ്ങൾ എന്നിവ മൂലം അനുദിനഭക്ഷണത്തിനു പോലും ക്ലേശിക്കുന്ന കാലഘട്ടത്തിലൂടെയാണ് നിരവധി കുടുംബങ്ങൾ ഇപ്പോഴും കടന്നുപോകുന്നതെന്ന്

സാന്ത്വനം മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഫാമിലികളെ സഹായിക്കാനായി സാന്ത്വനം കേൻ കെയർ(SANTHWANAM CAN CARE) എന്ന പുതിയ പദ്ധതി ആരംഭിച്ചിരിക്കുന്നു. അടാട്ട് ഇടവകയിലെ ഗൃഹനാഥൻ മരിച്ച വലിയകുടുംബത്തിന് 10,000, പൂച്ചുണ്ണിപ്പാടം ഇടവകയിലെ ഗൃഹനാഥൻ മരിച്ച കുടുംബത്തിന് 2000, മനക്കൊടി, തിരൂർ, മുല്ലശ്ശേരി, പൂങ്കുന്നം, കല്ലൂർ, ഒല്ലൂക്കര, തെങ്ങാലൂർ, മുക്കാട്ടുകര എന്നീ ഇടവകകളിലെ കുടുംബങ്ങൾക്കുമാണ് മാസം തോറും വീട്ടാവശ്യത്തിനുള്ള പലവ്യഞ്ജനങ്ങൾ നല്കി ഈ പദ്ധതി വഴി സഹായിച്ചുതുടങ്ങിയിരിക്കുന്നത്. ഇത്തരത്തിൽ ഈ വർഷം ആയിരം കുടുംബങ്ങളുടെ കണ്ണീരൊപ്പാൻ ഏവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഈ സദുദ്യമത്തിൽ താഴെപറയുന്ന വിധം സഹകരിക്കാവുന്നതാണ്.

- മാസം തോറും ആയിരം രൂപ വീതം സംഭാവന നല്കുക.
- ഒരു മാസത്തേക്ക് മാത്രം ആയിരം രൂപ നല്കുക.
- ഒരു വർഷത്തേക്ക് 12000 രൂപ നല്കി ഒരു കുടുംബത്തെ സ്പോൺസർ ചെയ്യുക.
- കിടപ്പുരോഗികൾക്കാവശ്യമായ സർജിക്കൽ ഉപകരണങ്ങൾ സ്പോൺസർ ചെയ്യുക.
- നമ്മുടെ വീടുകളിൽ ആവശ്യം കഴിഞ്ഞ് മാറ്റിവെച്ചിട്ടുള്ള സർജിക്കൽ ഉപകരണങ്ങൾ മറ്റു രോഗികൾക്കായി സംഭാവന ചെയ്യുക. ഉദാ: കട്ടിൽ, വാട്ടർബെഡ്, വീൽചെയർ ...etc.
- സംഭാവനകൾക്ക് Section 80 G പ്രകാരമുള്ള Income tax exemption ലഭിക്കുന്നതാണ്.
- സംഭാവനകൾ നേരിട്ടോ താഴെ പറയുന്ന എക്കൗണ്ട് നമ്പറിലേക്കോ കൈമാറാവുന്നതാണ്.

  Account Name : Santhwanam
  Account no : 0299053000015191
  IFSC : SIBL0000299
  Bank & Branch : SIB, Mission Quarters.

**അതിഥി തൊഴിലാളികൾക്ക് കിറ്റുകൾ നല്കി**

കോവിഡ് വ്യാപനത്തിന്റെ അതിരൂക്ഷസാഹചര്യത്തിൽ ഹൈറിസ്ക് വിഭാഗത്തിൽപ്പെട്ട അതിഥി തൊഴിലാളികൾക്ക് കോവിഡ് പ്രതിരോധത്തിനാവശ്യമായ കിറ്റുകൾ നല്കി സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റ് സെന്റർ. ഭാരത കത്തോലിക്ക മെത്രാൻ സമിതിയുടെ

സാമൂഹ്യസേവനവിഭാഗമായ കാരിത്താസ് ഇന്ത്യയുടെ സഹകരണ ത്തോടെ നടപ്പിലാക്കുന്ന നവജീവൻ പദ്ധതിയുടെ ഭാഗമായിട്ടാണ് സാന്ത്വനം അതിഥി തൊഴിലാളികൾക്ക് സഹായഹസ്തമൊരുക്കിയത്. ഇതിന്റെ ഭാഗമായി തൃശൂർ ജില്ലയിലെ 225 അതിഥി തൊഴിലാളികൾക്ക് കോവിഡ് പ്രതിരോധ കിറ്റുകൾ വിതരണം ചെയ്തു. കിറ്റുകളുടെ വിത രണോദ്ഘാടനം സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ ചാവക്കാട് അതിഥി മത്സ്യത്തൊഴിലാളികൾക്ക് നല്കി നിർവ്വഹിച്ചു. സിസ്റ്റർ വിന്നി മരിയ, സിസ്റ്റർ ഹെലൻ, നവജീവൻ പ്രോജക്റ്റ് കോർഡിനേറ്റർ ശ്രീ. നെൽസൺ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. മാസ്ക്കുകൾ, സാനിറ്റൈസർ, ബാത്ത്സോപ്പ്, അലക്കുസോപ്പ്, ഡിറ്റർജന്റ് എന്നിവ അടങ്ങുന്ന പ്രതിരോധകിറ്റുകളാണ് വിതരണം ചെയ്തത്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പ്രോജക്റ്റിന്റെ ഭാഗമായി ഒമ്പത് ക്ലസ്റ്റർ മീറ്റിങ്ങുകൾ നടത്തുകയുണ്ടായി. പാലയൂർ, പറപ്പൂർ, പുതുക്കാ ട്, മുണ്ടൂർ, അരിമ്പൂർ, കണ്ണാറ സാന്ത്വനം ഓഫീസ് എന്നിവിടങ്ങളിൽ നടന്ന മീറ്റിങ്ങുകൾക്ക് കോർഡിനേറ്റർ ശ്രീമതി. അനു വി.എസ് നേതൃത്വം കൊടുത്തു. എല്ലാ മീറ്റിങ്ങുകളിലുമായി 200 ഗുണഭോക്താക്കൾ പങ്കെ ടുക്കുകയുണ്ടായി. മീറ്റിങ്ങിൽ, 2021–2022 വർഷത്തേക്കുള്ള ആക്ടിവിറ്റി പ്ലാനിങ്ങ് നടത്തുന്നതിനും ഉപകാരികൾക്കുള്ള കത്ത് തയ്യാറാക്കു ന്നതിനും സ്വയം തൊഴിൽ ചെയ്യുന്നതിനുമുള്ള പരിശീലനം ഗുണഭോ ക്താക്കൾക്ക് നല്കുകയുണ്ടായി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ.സിജു പുളിക്കൻ**
അസി.ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന സന്ദർശനം**

അതിരൂപത കൂടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ മാർച്ച് മാസത്തിൽ 16 ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി സന്ദർശിക്കുന്നു. ഈ ഫൊറോന സന്ദർശന മീറ്റിങ്ങിൽ അതിരൂപത കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും പ്രത്യേ കിച്ച് ജൂബിലിയോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതായിരിക്കും. എല്ലാ ഇടവകയിൽ നിന്നുള്ള കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഭാരവാഹികളെ ഈ യോഗത്തിൽ പങ്കെടുപ്പിക്കുവാൻ പരി ശ്രമിക്കുമല്ലോ.

**ഗോൾഡൻ ജൂബിലി സ്മാരക ഭവന നിർമ്മാണ ഫണ്ട്**

അതിരൂപത കുടുംബകൂട്ടായ്മ ആരംഭിച്ചതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുകയാണല്ലോ. ഇതിന്റെ ഭാഗമായി ജൂബിലിയോടനുബ ന്ധിച്ച് ഗോൾഡൻ ജൂബിലി സ്മാരകമായി കുടുംബകൂട്ടായ്മ ഭാരവാ ഹികളിൽ നിന്നും സ്വന്തമായി ഭവനമില്ലാത്ത ഒന്നോ രണ്ടോ പേർക്ക് ഭവനം നിർമ്മിച്ചു കൊടുക്കുവാൻ നമ്മൾ ഒരു പരിശ്രമം നടത്തുകയാ ണ്. ഈ പരിശ്രമത്തിന് നേതൃത്വം നൽകുന്നത് അതിരൂപതയിലെ എല്ലാ ഇടവകയിലെയും കുടുംബകൂട്ടായ്മ ഭാരവാഹികളായ നാം ഓരോരു ത്തരും തന്നെയാണ്. ഈ സദുദ്യമത്തിന് നാം ഓരോരുത്തരും നൽകുന്ന (നിർബന്ധപൂർവ്വമല്ലാത്ത) സാധിക്കുന്ന ഉദാരമായ സംഭാവനകൾ നിങ്ങൾക്കു നൽകുന്ന കവറിൽ നിക്ഷേപിച്ച് ഇടവക കൺവീനറെ ഏൽപിക്കുവാൻ പ്രത്യേകം താൽപര്യപ്പെടുന്നു. ഈ ഉദ്യമത്തിലേക്ക് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി

# അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)

**സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ LDC Clerk/ ജൂനിയർ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്**

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ കംബൈൻഡ് ഹയർ സെക്കൻ ഡറി (10+2) ലെവൽ ഒഫീഷ്യൽസ് ഓൾ ഇന്ത്യ ലൊക്കേഷനിൽ വിവിധ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ക്ലർക്ക്, പോസ്റ്റൽ അസിസ്റ്റന്റ്/സോർട്ടിംഗ് അസിസ്റ്റന്റ് എന്നീ ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷച്ചിട്ടുള്ളത്. ഇന്ത്യൻ പൗരനായ, പ്ളസ് ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായ ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് പ്ലസ് ടുവിന് മാത്തമാറ്റിക്സ് ഒരു വിഷയമായി പഠിച്ചിരിക്കണം. ശമ്പളം 63,200/ രൂപ വരെ ലഭിക്കും. കേരളത്തിൽ എറണാകുളം, കൊല്ലം, കോട്ടയം, തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട് , കണ്ണൂർ എന്നിവ പരീക്ഷ കേന്ദ്രങ്ങളായിരിക്കും. EWS വിഭാഗത്തിൽ പെടുന്നവർക്ക് സംവരണാനുകൂല്യം ഉണ്ട്.

എസ് എസ് എൽ സി സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ, ജാതി തെളിയിക്കുന്നതിനുള്ള രേഖ (ബാധകമായവർക്ക്), ഭിന്നശേഷി തെളിയിക്കുന്നതിനുള്ള രേഖ (ബാധകമായവർക്ക്), വിമുക്തഭടൻ എന്നു തെളിയിക്കുന്നതിനുള്ള രേഖ (ബാധകമായവർക്ക്) NOC (ഗവ ജോലിക്കാർക്ക്), കളർ പാസ്പോർട്ട് സൈസ് ഫോട്ടോ (jpeg 20 kb to 50 kb)എന്നീ രേഖകൾ ഹാജരാക്കണം. അപേക്ഷ ഫീസ് 100 രൂപ (സ്ത്രീകൾ, എസ്.സി, എസ്.ടി, ഭിന്നശേഷിക്കാർ, വിമുക്തഭടന്മാർ എന്നിവർക്ക് ഫീസില്ല)

L, LL ലെവലുകളിലായി നടത്തുന്ന പരീക്ഷ, കൂടാതെ 2022 മെയ് മാസത്തിൽ നടത്തുന്ന ടൈപ്പിങ്ങ്, സ്കിൽ ടെസ്ററ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്. പരീക്ഷയുടെ സിലബസ്സിനും മറ്റു വിശദ വിവരങ്ങൾക്കും സ്റ്റാഫ് സെലക്ഷൻ കമ്മീഷന്റെ നോട്ടിഫിക്കേഷൻ കാണുക

പ്രായ പരിധി–18 മുതൽ 27 വയസ്സു വരെ (01/01/2022ന്) അർഹരായവർക്ക് പ്രായപരിധിയിൽ ഇളവു ലഭിക്കും)

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി – 07.03.2022

https://www.afctcr.com/#/plan?id_=kIJH7kUQai AsÃ-¦nÂ https://ssc.nic.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കാം

**ഫുൾ ബ്രൈറ്റ് നെഹ്റു ഫെല്ലോഷിപ്പ്**

ഫുൾബ്രൈറ്റ്–നെഹ്രു സ്കോളർഷിപ്പിന്റെയും മറ്റ് ഫുൾബ്രൈറ്റ് ഫെലോഷിപ്പുകൾക്കുമായുള്ള വാർഷിക മത്സരം ഉടൻ ആരംഭിക്കുമെന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ്–ഇന്ത്യ എഡ്യൂക്കേഷണൽ ഫൗണ്ടേഷൻ (യുഎസ്ഐഇഎഫ്) പ്രഖ്യാപിച്ചു. യു.എസ്. ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റേറ്റിന്റെയും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെയും സംയുക്തമായി ധനസഹായത്തോടെയാണ് സ്കോളർഷിപ്പ് നൽകുന്നത്.

അക്കാദമിക്, ഗവേഷണം, അധ്യാപനം, പ്രൊഫഷണൽ ശേഷി എന്നിവയ്ക്ക് കൂടുതൽ അവസരങ്ങൾ നൽകുകയെന്ന ഉദ്ദേശത്തോടെ യാണ് സ്കോളർഷിപ്പ് നൽകുന്നത്. അക്കാദമിക് വിഷയങ്ങളിലും തൊഴിൽ മേഖലകളിലും മികച്ച പ്രകടനം കാഴ്ച വെക്കുന്നവരെയാണ് യുഎസ്ഐഇഎഫിന്റെ നേതൃത്വത്തിൽ നൽകുന്ന സ്കോളർഷിപ്പ് പ്രോഗ്രാമിന് തെരഞ്ഞെടുക്കുന്നത്.

വിദ്യാർത്ഥികൾ, വിവിധ വിഷയങ്ങളിലെ വിദഗ്ദ്ധർ, അധ്യാപ കർ, കലാകാരന്മാർ, എല്ലാ പശ്ചാത്തലങ്ങളിലുമുള്ള പ്രൊഫഷണലു കൾക്കും അപേക്ഷ സമർപ്പിക്കാം. 75 വർഷത്തിലേറെയായി നടത്തി വരുന്ന യു.എസ് ഗവൺമെന്റിന്റെ ഫുൾബ്രൈറ്റ് പ്രോഗ്രാം രാജ്യങ്ങൾ ശാശ്വതമായ ബന്ധങ്ങൾ കെട്ടിപ്പടുക്കാനും, വിവിധ രാജ്യങ്ങളിലെ ജനങ്ങളെ പൊതു ലക്ഷ്യങ്ങൾക്കായി ഒരുമിച്ച് പ്രവർത്തിക്കാൻ സഹാ യിക്കുകയും ചെയ്യുന്നുണ്ട്.

യുണൈറ്റഡ് സ്റ്റേറ്റ്സ്–ഇന്ത്യ എഡ്യൂക്കേഷണൽ ഫൗണ്ടേ ഷൻ (യുഎസ്ഐഇഎഫ്) 2023 – 2024 വർഷത്തേക്കുള്ള ഫുൾബ്രൈ റ്റ്–നെഹ്രു സ്കോളർഷിപ്പിന്റെ അപേക്ഷകൾ സ്വീകരിക്കാൻ ആരംഭിച്ചി ട്ടുണ്ട്. അമേരിക്കൻ, ഇന്ത്യൻ വിഷയ വിദഗ്ധരാണ് സെലക്ഷൻ കമ്മിറ്റിയിൽ ഉള്ളത്.

ആർട്സ്, ഹ്യുമാനിറ്റീസ്, സോഷ്യൽ സയൻസ്, STEM അടക്ക മുള്ള ഫീൽഡുകളിലെ വിവിധ വിഷയങ്ങളിലെ മികച്ച വിദ്യാർത്ഥികൾ, അക്കാദമിക്, അധ്യാപകർ, നയരൂപകർത്താക്കൾ, അഡ്മിനിസ്ട്രേറ്റ ർമാർ, പ്രൊഫഷണലുകൾ എന്നിവർക്കാണ് അവാർഡുകൾ നൽകുന്നത്. താല്പര്യമുള്ളവർക്ക് ഇപ്പോൾ അപേക്ഷ നൽകാം.

പ്രായ പരിധി – അതത് കോഴ്സുകൾക്കനുസരിച്ച്

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി– May 16, 2022

https://apply.iie.org/ffsp2023 എന്ന വെബ്സൈറ്റിൽ ഓൺലൈൻ ആയി. വിശദ വിവരങ്ങൾക്ക് www.usief.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

അപേക്ഷ ഫോം ഡൗൺലോഡ് ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും www.afctcr.com സന്ദർശിക്കുക

**സംശയനിവാരണത്തിനു ബന്ധപ്പെടുക**

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325

ഇമെയിൽ : info@afctcr.com

വെബ്സൈറ്റ് : www.afctcr.com

**ഫാ. ഡെന്നി താണിക്കൽ**

ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**

കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**

ജോ. കൺവീനർ

# സ്ലം സർവ്വീസ് സെന്റർ

കെ.സി.ബി.സി.യുടെ കീഴിൽ കരയാപറമ്പ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡ്രൈവർമാരുടെ സംഘടനയായ സാരഥിയുടെ പുതിയ ഡയറക്ടറായി സ്ഥാനമേൽക്കുന്ന ഫാ. സിന്റോ തൊറയന് അതിരൂപത സ്ലം സർവ്വീസ് സെന്റർ യാത്രയയപ്പ് നല്കി. നിലവിൽ ഫാ. തൊറയൻ സ്ലം സർവ്വീസ് സെന്റർ ഡയറക്ടറായി പ്രവർത്തിച്ചുവരികയായിരുന്നു. യോഗത്തിൽ സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ അദ്ധ്യക്ഷത വഹിച്ചു.

സ്ലം പുതിയ ഡയറക്ടർ ഫാ. സിജു പുളിക്കൻ പൊന്നാട ചാർത്തി അനുമോദിച്ചു. ഫാ. ജോസ് വട്ടക്കുഴി, പ്രസിഡന്റ് ബേബി മൂക്കൻ, സെക്രട്ടറി ജോയ് പോൾ എന്നിവർ ആശംസകൾ നേർന്നു. സംഘടനയുടെ ഉപഹാരങ്ങളും സമ്മാനിച്ചു. പുതിയ ഡയറക്ടറെ മുൻഡയറക്ടർ പൊന്നാട ചാർത്തി സ്വീകരിച്ചു.

ജോസ് ചിറമ്മൽ, പ്രേമ മൈക്കിൾ, എ.എസ്. ജോൺസൺ, റപ്പായി പാലമറ്റം എന്നിവർ നേതൃത്വം നല്കി.

**ബേബി മൂക്കൻ**
പ്രസിഡണ്ട്

**ഫാ.സിജു പുളിക്കൻ**
ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി



**ആഘോഷമായ കുർബാനസ്വീകരണം**

ആദ്യ കുർബാന സ്വീകരണത്തിന് ഒരുങ്ങുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 19 –ാം തിയ്യതി ശനിയാഴ്ച്ച അതിരൂപത മതബോധനകേന്ദ്രത്തിൽ (ഡി.ബി.സി.എൽ സി.) വച്ച് നടത്തുന്നു. സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.00 മണിവരെ. പങ്കെടുക്കാൻ താൽപര്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. ഫോൺ 0487 2325336, 9947582522

**യൂണിറ്റ് രജിസ്ട്രേഷൻ 2022**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ 2022 ലെ യൂണിറ്റ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് അതാതു സംഘടനാംഗങ്ങളുടെ രജിസ്ട്രേഷൻ ഫോം കൈപറ്റേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**നേതൃത്വ പരിശീലന ക്യാമ്പുകൾ**

**ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2022**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിന്റെ സംയുക്ത ക്യാമ്പ് 2022 ഏപ്രിൽ 19 ചൊവ്വാഴ്ച്ച നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4 ന് അവസാനിക്കുന്ന രീതിയിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 75/– രുപ.

**സ്പർശ് 2022**

ഇടവകകളിലും സ്കൂളുകളിലും 4–ാം ക്ലാസ് മുതൽ 7–ാം ക്ലാസ്

വരെ പഠിക്കുന്ന തിരുബാലസഖ്യം കുട്ടികൾക്ക് ഏപ്രിൽ 20, 21, 22 (ബുധൻ, വ്യാഴം, വെള്ളി) തിയ്യതികളിൽ സ്പർശ് 2019 നടത്തുന്നതായിരിക്കും.

**ബെർക്കുമെൻസ് 2022**

അൾത്താരസംഘം കുട്ടികൾക്ക് ഏപ്രിൽ 25, 26, 27 (തിങ്കൾ, ചൊവ്വ, ബുധൻ) തിയതികളിൽ ബെർക്കുമെൻസ് 2022 നടത്തുന്നതായിരിക്കും.

**ക്രിസ്ത്യൻ ലൈഫ് 2022**

ജൂനിയർ സി.എൽ.സി. കുട്ടികൾക്ക് (8–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ ഉള്ള കുട്ടികൾക്ക്) ഏപ്രിൽ 28, 29, 30 (വ്യാഴം, വെള്ളി, ശനി) തിയ്യതികളിൽ ക്രിസ്ത്യൻ ലൈഫ് 2022 നടത്തുന്നതായിരിക്കും.

**ക്യാമ്പ് നിർദ്ദേശങ്ങൾ**

1. തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. കുട്ടികൾക്കായുള്ള ക്യാമ്പുകൾ ആദ്യ ദിവസം രാവിലെ 9 ന് ആരംഭിച്ച് മൂന്നാം ദിവസം രാവിലെ 10 ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.
2. ഈ ക്യാമ്പുകളിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്.
3. ക്യാമ്പിൽ പങ്കെടുക്കുന്നതിന് സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്. ഒരു യൂണിറ്റിൽ നിന്ന് രണ്ട് പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ. 100 രൂപ രജിസ്ട്രേഷൻ ഫീസോടുകൂടെ ആദ്യം ബുക്ക് ചെയ്യുന്ന 100 പേർക്കായിരിക്കും മുൻഗണന.
4. ക്രിസ്ത്യൻ ലൈഫ് ക്യാമ്പിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ നിന്ന് ഒരു ആൺകുട്ടി ഒരു പെൺകുട്ടി എന്ന രീതിയിൽ രണ്ട് പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

**ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗ്**

അൾത്താരസംഘം കുട്ടികൾക്കായി നടത്തുന്ന ബെർക്കുമെൻസ് ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ മാർച്ച് 30 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. മാർച്ച് 31 ഉച്ചയ്ക്ക് 2 ന് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 34 ടീമുകൾക്കായിരിക്കും മത്സരിക്കാനാവുക. ഏപ്രിൽ മുതൽ മത്സരം ആരംഭിക്കും.

**മരിയൻ ക്യാരംസ് ലീഗ്**

ജൂനിയർ സി.എൽ.സി. കുട്ടികൾക്കായി നടത്തുന്ന ക്യാരംസ് ലീഗിൽ പങ്കെടുക്കാൻ താത്പര്യമുള്ള യൂണിറ്റുകൾ മാർച്ച് 30 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. മാർച്ച് 31 ഉച്ചയ്ക്ക് 2 ന് ഡി.ബി.സി.എൽ.സി.

യിൽ വച്ച് നടത്തുന്ന മീറ്റിങ്ങിൽ ടീം ക്യാപ്റ്റന്മാർ പങ്കെടുക്കേണ്ടതാണ്. ഏപ്രിൽ മുതൽ മത്സരം ആരംഭിക്കും.

**എയ്ഞ്ചലോസ് 2022**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2022 മെയ് 22-ന് അതിരൂപതതലത്തിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ദൈവത്തിന് ഒന്നും അസാധ്യമല്ല. മറിയം പറഞ്ഞു, "ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1: 37-38)

**സുകൃതജപം:** 'ഈശോയെ അങ്ങയോടുകൂടി സിക്കുവാനുള്ള ശക്തി ഞങ്ങൾക്ക് തരണമേ.'

**പ്രാർത്ഥനാ നിയോഗം:** ക്രിസ്ത്യാനികൾ ആയതിന്റെ പേരിൽ സഹനങ്ങൾ ഏറ്റെടുക്കുന്ന വിവിധ രാജ്യങ്ങളിലെ ക്രിസ്തീയ സഹോദരങ്ങൾക്ക് വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** 1650 ൽ പരം വർഷങ്ങൾക്കു മുമ്പ് ആഴമേറിയ വിശ്വാസത്തിലൂടെ ദിവ്യകാരുണ്യ നാഥനെ സ്വീകരിക്കുവാൻ വിശ്വാസസമൂഹത്തെ ഒരുക്കിയ ജറുസലേമിലെ മെത്രാനും വേദപാരംഗതനുമായ വി. സിറിൽ (315-386) ആകട്ടെ നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. മാർച്ച് 18 നാണ് വിശുദ്ധന്റെ തിരുനാൾ തിരുസഭ കൊണ്ടാടുന്നത്. ദിവ്യകാരുണ്യസ്വീകരണത്തെ കുറിച്ചുള്ള വിശുദ്ധന്റെ പ്രബോധനം ഇപ്രകാരമാണ്, "കൈകൾ അകത്തിയോ, വിരലുകൾ അകറ്റിയോ പിടിക്കാതെ ഇടതുകൈ വലതുകരത്തിന്റെ മീതെ വച്ച് ഒരു സിംഹാസനം തയ്യാറാക്കി ഒരു രാജാവിനെയെന്ന പോലെ ഈശോയെ സ്വീകരിക്കുക. ഉള്ളംകൈ കുഴിപോലെ പിടിച്ച് മിശിഹായുടെ ശരീരം സ്വീകരിച്ച് "ആമ്മേൻ" എന്നു പറയുക. പരിശുദ്ധ ശരീരം തൊടുമ്പോൾ കണ്ണുകൾ ഭക്തി നിർഭരമായിരിക്കണം. അനന്തരം ഒരു പൊടിപോലും താഴെ വീഴാതെ ഭക്ഷിക്കുക".

**പ്രവർത്തനം**: സന്തോഷത്തിലും സങ്കടത്തിലും ദൈവതിരുമനസ്സിനു കീഴ്പെട്ട് ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

# ജീസസ് യൂത്ത്

**സോണൽ നൈറ്റ് വിജിൽ**

കർത്താവിന്റെ സന്നിധിയിൽ ഉണർന്നിരുന്ന് ആനന്ദത്തോടെഅവിടുത്തെ ആരാധിക്കുന്നതിനും, മാധ്യസ്ഥപ്രാർത്ഥനനടത്തുന്നതിനുമായി തൃശ്ശൂർ ജീസസ് യൂത്ത് ഇന്റർസെഷൻമിനിസ്ട്രിയുടെ നേതൃത്വത്തിൽ 'സോണൽ നൈറ്റ് വിജിൽ' വീ ും പുനരാരംഭിക്കുകയു ായി. ആബാ റെന്യൂവൽസെന്ററിൽവച്ചു 08/01/22 നു വൈകുന്നേരം 8:00 മണിമുതൽദിവ്യകാരുണ്യ ആരാധന ആരംഭിക്കുകയും ആബാ റെന്യൂവൽസെന്റർ ഡയറക്ടറായ ഫാ. സജീവ് ഇമ്മട്ടി അർപ്പിച്ച വി.കുർബാനയോടുകൂടെ ആരാധന സമാപിക്കുകയും ചെയ്തു.വചന സന്ദേശത്തിനും ദിവ്യകാരുണ്യ ആരാധനക്കും നവവൈദികൻ ഫാ. ജോൺ പേരമംഗലം നേതൃത്വംനൽകുകയുണ്ടായി.

**സ്തുതികൾ എൻ നാഥനായ്**

പുതുവർഷ സമ്മാനമായി ജീസസ് യൂത്ത് തൃശ്ശൂർ ടാലെന്റ്മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഡിസംബർ 31നു വൈകീട്ട്8.00നു തൃശ്ശൂർ ജീസസ് യൂത്തിന്റെ യൂട്യൂബ് ചാനലിലൂടെപുതിയ ഒരു ക്രിസ്തീയ ഭക്തിഗാനം റിലീസ് ചെയ്യുവാൻസാധിച്ചു. 'സ്തുതികൾ എൻ നാഥനായ്' എന്ന് തുടങ്ങുന്ന ഈപാട്ടിന്റെ വരികൾ എഴുതിയതും സംവിധാനം ചെയ്തതുംആലപിച്ചതും തൃശ്ശൂർ ജീസസ് യൂത്ത് ടാലെന്റ് മിനിസ്ട്രിയുടെമ്യൂസിക് കോർ ടീം അംഗവും, പുത്തൻപീടികഇടവകാംഗവുമായ ജിമ്മി വർഗീസ് ആണ്.

**സർവീസ് ടീം വിസിറ്റുകൾ**

തൃശ്ശൂർ ജീസസ് യൂത്തിന്റെ നേതൃത്വനിരയിലുള്ള എല്ലാടീമുകളെയും കേൾക്കുക, അവരെ അടുത്തറിയുക എന്നലക്ഷ്യത്തോടെ തൃശ്ശൂർ ജീസസ് യൂത്ത് സോണൽകൗൺസിലിന്റെ നേതൃത്വത്തിൽ ഈ വർഷം തന്നെ 16 സബ്സോണുകളുടെയും 8 മിനിസ്ട്രികളുടെയും 8 ടീമുകളുടെയും സർവീസ് ടീമുകളെ സന്ദർശിക്കുവാൻആഗ്രഹിച്ചുകൊ ് 'സർവീസ് ടീം വിസിറ്റുകൾ' ആരംഭിക്കുകയു ായി. അതിന്റെ ഭാഗമായി 15/01/22 നുരാവിലെ തൃശ്ശൂർ ജീസസ് യൂത്ത് ഇന്റർസെഷൻ മിനിസ്ട്രിസർവീസ് ടീമിനോടൊപ്പം തൃശ്ശൂർ പാസ്ട്രൽ സെന്ററിലും, ജീസസ് യൂത്ത് ലൂർദ് സബ്സോൺ സർവീസ് ടീമിനോടൊപ്പംമുക്കാട്ടുകരയിലെ ബെത്‌ലഹേം സ്കൂളിലും, ജീസസ് യൂത്ത്പട്ടിക്കാട് സബ്സോൺ സർ

വീസ് ടീമിനോടൊപ്പം പട്ടിക്കാട്സ്നേഹാലയം ബോയ്സ് ഹോമിൽവച്ചും ഒരുമിച്ചുകൂടുകയുംപ്രാർത്ഥിക്കുകയും വിശേഷങ്ങൾ പങ്കുവക്കുകയും ചെയ്തു.

**ലീഡേഴ്സ് ഗ്രൂമിങ് പ്രൊജെക്റ്റ് (എൽ. ജി. പി.)**

ജീസസ് യൂത്ത് കൂട്ടായ്മയെക്കുറിച്ച് വ്യക്തമായ ധാരണയുംകാഴ്ചപ്പാടുമുള്ള നേതാക്കളെ സോണൽ തലത്തിൽ ഒരുകുടകീഴിൽ കൊ ുവന്ന് അവരെ വളർത്തിയെടുക്കുക എന്നലക്ഷ്യത്തോടെ കേരള ജീസസ് യൂത്ത് കൗൺസിൽ(കെ.ജെ.വൈ.സി.) തുടക്കമിട്ട ഒരു ആശയമാണ് ലീഡേഴ്സ്ഗ്രൂമിങ് പ്രൊജെക്റ്റ് (എൽ.ജി.പി).

പത്തുമാസം മുതൽ ഒരു വർഷം വരെ നീണ്ടുനിൽക്കുന്ന ഈ പരിപാടിയുടെ ഭാഗമായി തൃശ്ശൂർ സോണിലും ആൽവിൻഡേവിസ്, നിന്റോ ടി. എഫ്., അദീന പ്രിൻസികോസ് എന്നീവ്യക്തികളെയും രാജു പോൾ, ഭാര്യ സോണി പോൾ, ഫിബിൻപി. പി, ഭാര്യ ജെൻസി ഫിബിൻ, ജോസ് പാവറട്ടി, ഭാര്യ ജ്യോതിജോസ്, എന്നീ കുടുംബങ്ങളെയും തിരഞ്ഞെടുത്തിരുന്നു. ഗ്രൂപ്പിലെ അംഗങ്ങളെ ശരിയായ രീതിയിൽ നയിച്ചുകൊണ്ടുംപരിശീലിപ്പിച്ചുകൊണ്ടും ഒരുമിച്ചിരുന്നു കാര്യങ്ങൾചർച്ചചെയ്യുകയും വിലയിരുത്തകയും ചെയ്യുക വഴിവ്യക്തികളുടെ രൂപീകരണം സാധ്യമാക്കുകയാണ് ഇവരുടെദൗത്യം.

ജനുവരി 30നു ഉച്ചക്ക് 3.00 മുതൽ 5.00 വരെയും, ഫെബ്രുവരി 8നു വൈകീട്ട് 8.30 മുതൽ 9.30 വരെയും, ഓൺലൈനിൽ 45 അംഗങ്ങളെയും ഒരുമിച്ചുകൂട്ടുകയും എൽ. ജി. പി. ക്കു തുടക്കമിടുകയും ചെയ്യുകയുണ്ടായി. കേരള ജീസസ് യൂത്ത്കോർഡിനേറ്റർ ജോൺ സണ്ണിയും, തൃശ്ശൂർ ജീസസ് യൂത്ത്അസിസ്റ്റന്റ് ഡയറക്ടറായ ഫാ. ഡെന്നി ചിറയത്തും ക്ലാസുകൾക്ക് നേതൃത്വം നൽകി. ജീസസ് യൂത്ത് തൃശ്ശൂർ സോണൽ കോർഡിനേറ്റർ ബ്രിട്ടോ മൈക്കിൾ, അസിസ്റ്റന്റ്കോർഡിനേറ്റർ ജെറിൻ ജോയ്, സോണൽ കൌൺസിൽഅംഗങ്ങളായ ജാനറ്റ് ജിമ്മി , മെറീന കെ. ഒ., ജോയൽ ജോസഫ്എന്നിവർ സന്നിഹിതരായിരുന്നു. ഫെല്ലോഷിപ്പ്, ജീസസ്യൂത്ത്, പേർസണൽ സ്പിരിചാലിറ്റി, മിഷൻ എന്നിങ്ങനെ 4 വ്യത്യസ്ത മോഡ്യുളുകളായാണ് ഈ പ്രൊജക്ട്രൂപീകരിച്ചിരിക്കുന്നത്.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

**ബ്രിട്ടോ മൈക്കിൾ**
കോർഡിനേറ്റർ

# കെസിവൈഎം

**കർമ്മ പദ്ധതി പ്രകാശനം : കെസിവൈഎം തൃശ്ശൂർ അതിരൂപത**

കെസിവൈഎം തൃശ്ശൂർ അതിരൂപത 2022 പ്രവർത്തന വർഷത്തെ കർമ്മ പദ്ധതി പ്രകാശനം തൃശ്ശൂർ ഡോളേഴ്സ് ബസിലിക്ക ദൈവാലയത്തിൽ നടന്നു. ബസിലിക്ക റെക്ടർ ഫാ. നോബി അമ്പൂക്കൻ കർമ്മ പദ്ധതി പ്രകാശനം ചെയ്തു. കോവിഡ് കാലത്തെ യുവജനങ്ങളുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും, ശക്തമായ പ്രവർത്തനങ്ങളും മായി മുന്നോട്ട് പോകാൻ സാധിക്കട്ടെ എന്ന് ബസിലിക്ക റെക്ടർ ആശംസിക്കുകയും ചെയ്തു. അതിരൂപത പ്രസിഡന്റ് സാജൻ ജോയ് സദസ്സിന് അധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി അഖിൽ ജോസ് സ്വാഗതം ആശംസിച്ചു സംസാരിച്ചു, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റ് ജിയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറി മെജോ മോസസ്, ആനിമേറ്റർ സി. ഫ്രാൻസി മരിയ, സെനറ്റ് മെംബർമാരായ ടോണി കല്ലൂക്കാരൻ, മെജോ പൊറത്തുർ, വിപിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, SMYM പ്രതിനിധി ഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി. ഫൊറോന പ്രസിഡന്റുമാർ മറ്റ് ഫൊറോന ഇടവക ഭാരവാഹികൾ പങ്കെടുത്തു.

**മുതിർന്ന പൗരൻമാരുടെ ട്രെയിൻ യാത്ര ഇളവ് റദ്ദാക്കിയത് പുന: പരിശോധിക്കണം : കെ സിവൈഎം തൃശ്ശൂർ അതിരൂപത**

രാജ്യത്ത് മുതിർന്ന പൗരൻമാർക്ക് റെയിൽവേയിൽ നൽകി വന്ന യാത്ര ഇളവ് പുനപരിശോധിക്കണം എന്ന് കെസിവൈഎം തൃശ്ശൂർ അതിരൂപത സെക്രട്ടറിയേറ്റ്. രാജ്യത്ത് ജനസംഖ്യയിൽ 10 ശതമാനം 60 വയസിനു മുകളിലുള്ളവരാണ് ഇവരെ സംരക്ഷിക്കേണ്ട ചുമതല സർക്കാരിനുണ്ടെന്ന് ആമുഖ പ്രഭാഷണത്തിൽ ഡയറക്ടർ ഫാ. ലിൻസൺ തട്ടിൽ പറഞ്ഞു. മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനു 2019ൽ ബിൽ കൊണ്ടുവന്ന കേന്ദ്ര സർക്കാർ അവർക്കുള്ള ഇളവുകൾ ഇല്ലാതാക്കുന്നത് വൈരുധ്യമാണെന്ന് പ്രസിഡന്റ് സാജൻ മുണ്ടൂർ പറഞ്ഞു. ജനറൽ സെക്രട്ടറി അഖിൽ ജോസ്, ട്രഷറർ ജിഷാദ് ജോസ്, വൈസ് പ്രസിഡന്റുമാരായ ജീയോ മാഞ്ഞൂരാൻ, ജെസ്ന ജീജോ, സെക്രട്ടറിമാരായ മെജോ മോസസ്, വിന്നി വിൻസെന്റ്, അസി.ഡയറക്ടർ ഫാ. ഫെ

ബിൻ കൂത്തൂർ, ആനിമേറ്റർ സി. ഫ്രാൻസി മരിയ, മുൻ സംസ്ഥാന ട്രഷറർ സാജൻ ജോസ്, ഹെൽന സാബു, ടോണി കല്ലൂക്കാരൻ, മെജോ പൊറത്തൂർ, വിപിൻ ലൂവിസ്, ഷെറിൻ വർഗ്ഗീസ്, ഡാനിയേൽ ജോസഫ്, സ്നേഹ ബെന്നി എന്നിവർ പങ്കെടുത്തു.

**ഫാ. പ്രതീഷ് കല്ലറക്കൽ**
അസി. ഡയറക്ടർ
**അഖിൽ ജോസ്**
സെക്രട്ടറി

**ഫാ. ലിൻസൺ തട്ടിൽ**
ഡയറക്ടർ
**സാജൻ ജോയി**
പ്രസിഡന്റ്

# സി.എൽ.സി.

**യൂത്ത് ഫെഡറേഷൻ ഗെയിംസ് സ്വർണമെഡൽ ജേതാവ് റോൺ സേവ്യറിനെ അനുമോദിച്ചു**

നേപ്പാളിൽ വച്ചു നടന്ന യൂത്ത് ഫെഡറേഷൻ ഗെയിംസിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് 100 മീറ്ററിൽ സ്വർണമെഡൽ നേടിയ സിഎൽസി പ്രവർത്തകൻ റോൺ സേവ്യറിനെ അതിരൂപത സിഎൽസി അനുമോദിച്ചു. പറപ്പൂർ ഫൊറോന തോളൂർ ഇടവകാംഗമായ റോൺ പറപ്പൂർ ഫൊറോന സിഎൽസിയുടെ ട്രഷററും തോളൂർ ഇടവക സിഎൽസി പ്രസിഡന്റുമാണ്. കോവിഡ് കാലഘട്ടത്തിൽ മുന്നണി പോരാളിയായി പ്രവർത്തിച്ച റോൺ മികച്ച ഒരു സാമൂഹ്യസേവകൻ കൂടെയാണ്.

**പുതിയ അതിരൂപത അസിസ്റ്റന്റ് ഡയറക്ടറെ സ്വാഗതം ചെയ്തു**

അതിരൂപത സിഎൽസി കുടുംബത്തിലേക്ക് അസിസ്റ്റന്റ് ഡയറക്ടറായി കടന്നു വന്ന ബഹുമാനപ്പെട്ട ഫാ. അനുവിൻ ചിറ്റിലപ്പിള്ളിയെ മരിയമക്കൾ സ്നേഹപൂർവ്വം സ്വാഗതം ചെയ്തു. നടത്തറ സഹവികാരിയായും ലൂർദ് ഫൊറോനാ സിഎൽസിയുടെ പ്രൊമോട്ടറായും ചെയ്ത മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്നപോലെയാണ് അതിരൂപത അച്ചന് പുതിയ ഉത്തരവാദിത്തങ്ങൾ ഭരമേൽപിചത്. അതിരൂപത സിഎൽസിയുടെ അസിസ്റ്റന്റ് ഡയറക്ടറെന്ന സ്ഥാനത്തിനൊപ്പം മണ്ണുത്തി ഇടവക സഹവികാരിയെന്ന ഉത്തരവാദിത്തവും അച്ചനുണ്ട്.

**അതിരൂപത അസിസ്റ്റന്റ് ഡയറക്ടർ ഫാ. സിജു പുളിക്കന് യാത്രയയപ്പ് നൽകി**

തൃശൂർ അതിരൂപത സിഎൽസിയുടെ അസിസ്റ്റന്റ് ഡയറക്ടറായി കഴിഞ്ഞ ഒരു വർഷക്കാലം സേവനമനുഷ്ഠിച്ച, യുവജനങ്ങൾക്ക് ഒത്തിരി പ്രിയപ്പെട്ട ബഹു. ഫാ. സിജു പുളിക്കനു മരിയമക്കളുടെ നന്ദിയും യാത്രയയപ്പും നൽകി. അതിരൂപത സിഎൽസിയുടെ 2021ലെ എല്ലാ പ്രവർത്തനങ്ങളിലും നിറസാന്നിധ്യമായിരുന്നു സിജു അച്ചൻ. റോസാരിയം, ഓക്സില പോലുള്ള വേറിട്ട പ്രവർത്തങ്ങൾ മുന്നോട്ട് വക്കുന്നതിലും അവ വിജയകരമായി പൂർത്തിയാക്കുന്നതിലും അച്ചന്റെ നേതൃത്വപാടവം പ്രശംസനീയമായിരുന്നു.  പുലക്കാട്ടുകര ഇടവകയുടെ നടത്തുവികാരിയുടെയും സ്വാന്തനത്തിന്റെ അസിസ്റ്റന്റ് ഡയറക്ടറുടെയും ഉത്തരവാദിത്തങ്ങൾ ആണ് അച്ചന് പുതുതായി ഭരമേൽപ്പിച്ചിട്ടുള്ളത്. മരിയമക്കളുടെ പ്രാർത്ഥനാശംസകൾ...

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ

**ഫാ. അൻവിൻ ചിറ്റിലപ്പിള്ളി**
**ഫാ. സിജു പുളിക്കൻ**
അസി. പ്രൊമോട്ടർമാർ

**ഡോംസൺ സൈമൺ**
പ്രസിഡന്റ്

# ലോഫ്
**(ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ്)**

**അതിരൂപത കുടുംബസംഗമം (കുടുംബോത്സവം – 2022)**

ആഗോളകത്തോലിക്കാ സഭ 2021–2022 കുടുംബവർഷമായി ആചരിക്കുന്നു. ഈ വർഷം ജൂൺ മാസത്തിൽ റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമം കോവിഡിന്റെ പശ്ചാത്തലത്തിൽ പങ്കെടുക്കുന്ന കുടുംബങ്ങളുടെ എണ്ണം പരിമിതപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ഓരോ രുപതയിലും പ്രാദേശിക കുടുംബസംഗമങ്ങൾ നടത്താൻ പരി. പിതാവ് ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നു.

പരി. പിതാവിന്റെ ആഹ്വാനം ഉൾക്കൊണ്ട് തൃശൂർ അതിരൂപത മെയ് മാസം 13,14 തിയതികളിൽ Lux Domus (LIGHT HOUSE) എന്ന പേരിൽ അഖില കേരള പഠന ശിബിരവും, **മെയ് മാസം 15 ന് കുടുംബോത്സവം – 2022** എന്ന പേരിൽ കുടുംബസംഗമവും DBCLC യിൽ

വെച്ച് സംഘടിപ്പിക്കുന്നു. 2000 ത്തിന് ശേഷം വിവാഹിതരായ ദമ്പതി കളെയാണ് ഓരോ ഇടവകയിൽ നിന്നും ഈ പ്രസ്തുത പരിപാടിയി ലേക്ക് ആഗ്രഹിക്കുന്നത്.

**മെയ് മാസം 15 ന് നടക്കുന്ന കുടുംബോത്സവം – 2022** എന്ന അതിരൂപതയുടെ കുടുംബസംഗമം ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്, കുടുംബകൂട്ടായ്മ, ജീസസ് യൂത്ത്, വിശ്വാസപരിശീലനം എന്നിവർ ചേർന്ന് നേതൃത്വം നൽകുന്നു. തൃശൂർ അതിരൂപതയിലെ ട്രിനിറ്റി കപ്പിൾസ്, ഷേൺസ്റ്റാറ്റ്, ഏകം, ഹോളിഫാമിലി ലേ അസോസി യേഷൻ എന്നി കുടുംബ നവീകരണ പ്രസ്ഥാനങ്ങൾ സഹകരണം നൽകുന്നു.

**ഡോ. ടോണി & ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ശ്രീ. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ അനുസ്മരണം**

തൃശ്ശൂർ കലാസദൻ സുവർണ്ണ ജൂബിലിയുടെ ഭാഗമായി 2022 ജനു വരി 19–ാം തിയതി പ്രസിദ്ധ സാഹിത്യകാരൻ ശ്രീ. സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ അനുസ്മരണം നടത്തി. കലാസദൻ പ്രസിഡണ്ട് ഡോ. ഇഗ്നേഷ്യസ് ആന്റണി യോഗത്തിന് അധ്യക്ഷത വഹിച്ചു. ക്രിസ്തീയ സാഹിത്യകാരന്മാരുടെ പ്രാധാന്യത്തെക്കുറിച്ച് അധ്യക്ഷ പ്രസംഗത്തിൽ അദ്ദേഹം സംസാരിച്ചു. ഡോക്ടർ ഫാദർ പോൾ പൂവത്തിങ്കൽ സി. എം. ഐ യോഗം ഉദ്ഘാടനം ചെയ്തു. കുഞ്ഞുകുഞ്ഞു ഭാഗവതർ സംഗീതത്തിന് കൊടുത്ത പ്രാധാന്യത്തെ ക്കുറിച്ച് പോളച്ചൻ തന്റെ ഉദ്ഘാടനപ്രസംഗത്തിൽ സൂചിപ്പിച്ചു. കലാസദൻ സാഹിത്യ വിഭാഗം കൺവീനർ ശ്രീ ഫ്രാങ്കോ ലൂവിസ് മുഖ്യപ്രഭാഷണം നടത്തി. സെബാസ്റ്റ്യൻ ഭാഗവതരുടെ ജീവചരിത്രം വളരെ ഭംഗിയായി അദ്ദേഹം അവതരിപ്പിച്ചു.

**ദൈവദാസൻ ഫാദർ കനിസിയൂസ് സി. എം. ഐ മരണ വാർഷികം**

2022 ജനുവരി 29 –ാം തീയതി കലാസദൻ ആദ്യ പ്രസിഡണ്ടായ

ദൈവദാസൻ ഫാദർ കനിസിയൂസ് സി. എം. ഐ യുടെ 24–ാം മരണ വാർഷികം ആചരിച്ചു. കനിസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന അമ്പഴക്കാട് കോട്ടമുറി ആശ്രമത്തിൽ അദ്ദേഹത്തിന്റെ കബറിടത്തിൽ സെക്രട്ടറി ഫാദർ ഫിജോ ആലപ്പാടന്റെ കാർമ്മികത്വത്തിൽ കലാസദൻ മാനേജിങ് കമ്മിറ്റി അംഗങ്ങൾ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**ഡോ. ഇഗ്നേഷ്യസ് ആന്റണി**
പ്രസിഡന്റ്

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി

# മദ്യവിരുദ്ധ സമിതി

**1. അഖിലിന്റെ പുസ്തകപ്രകാശനം**

മദ്യവിരുദ്ധസമിതി കോടന്നൂർ യൂണിറ്റ് പ്രസിഡന്റും മദ്യവിരുദ്ധസമിതിയുടെ സജീവ പ്രവർത്തകനുമായ അഖിൽ പോൾ ലഹരിയ്ക്കെതിരെയുള്ള ബോധവൽക്കരണം ലക്ഷ്യമാക്കി രചിച്ച 'കുപ്പിയുടെ കുമ്പസാരം' എന്ന ഗ്രന്ഥത്തിന്റെ പ്രകാശനം നടന്നു. 11.12.21 ൽ സാഹിത്യ അക്കാദമി ഹാളിൽ വച്ചാണ് കർമ്മം നടത്തപ്പെട്ടത്. ചടങ്ങിൽ അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, പ്രസിഡന്റ് സി.പി. ഡേവീസ്, ഭാരവാഹികളായ സിജോ ഇഞ്ചോടിക്കാരൻ, ജോസ് വി.ഐ. എന്നിവർ പങ്കെടുത്തു.

**2. സ്മരണാഞ്ജലി – 20.12.21**

മുൻ പ്രസിഡന്റ് എം.എ. പൊറിഞ്ചുവിന്റെ ഓർമ്മദിനാചരണത്തിൽ ഒളരി ദൈവാലയത്തിൽ ഡയറക്ടറച്ചനാണ് ദിവ്യബലിയർപ്പിച്ചത്. കുർബാന മധ്യേയുള്ള സന്ദേശത്തിൽ ഒരു മനുഷ്യജീവിതം എന്തായിരിക്കണമെന്നും എങ്ങനെയായിരിക്കണമെന്നും ക്രിസ്തീയ വിശ്വാസജീവിതത്തെ ആദാരമാക്കി ഹൃദയസ്പർശിയായി അച്ചൻ വിശദീകരിച്ചു. മാർക്കസ് അവേരിയസ്സ് ചിന്തകന്റെ ചിന്തകൾ ഉദ്ധരിച്ചുകൊണ്ട് സംതൃപ്തിയുള്ളതും വിജയപ്രദവുമായ മരണം എങ്ങനെയായിരിക്കണമെന്ന് യേശുവിന്റെ മാതൃക ഉദാഹരിച്ചുകൊണ്ട് അച്ചൻ വിചിന്തനം ചെയ്തു.

**3. കോർ കമ്മിറ്റി / എക്സിക്യൂട്ടീവ് മീറ്റിംഗ്**

26.12.21 ൽ കോർ കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും സംയുക്തമായി അതിരൂപത ഓഫീസിൽ അരങ്ങേറി. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ഡയറക്ടറച്ചനോടൊപ്പം സമിതി

അംഗങ്ങൾ ക്രിസ്തുമസ് ആഘോഷിച്ചു.

അണിയറയിൽ തയ്യാറായിക്കൊണ്ടിരിക്കുന്ന സ്മരണികയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. സാമ്പത്തിക ആവശ്യങ്ങൾക്കായി പരസ്യങ്ങൾ നൽകി സഹായിച്ചവരെയും അവ സംഘടിപ്പിച്ചവരെയും അച്ചൻ പ്രശംസിച്ചു. സ്മരണികയിലേക്ക് സന്ദേശങ്ങളും സാഹിത്യരചനകളും തന്ന് സമ്പന്നമാക്കിയവരെയും അഭിനന്ദിക്കുകയുണ്ടായി.

**4. ക്രിസ്തുമസ് ആഘോഷവേളയിലെ മദ്യ കുത്തൊഴുക്ക്**

ക്രിസ്തുമസ് ആഘോഷത്തിന്റെ പേരിൽ കേരളക്കരയിൽ 138 കോടി രൂപയുടെ മദ്യവ്യാപാരം സർക്കാർ മേൽനോട്ടത്തിൽ നടത്തി. ഈ വാർത്തയിൽ പ്രതിഷേധിച്ചും, ആഘോഷത്തോടനുബന്ധിച്ച് കിഴക്കമ്പലം പോലുള്ള സ്ഥലങ്ങളിൽ അരങ്ങേറിയ മദ്യലഹരിയിലുള്ള അക്രമങ്ങളിൽ മനംനൊന്തും ഡയറക്ടറച്ചൻ പ്രമുഖ പത്രത്തിൽ 'ആഘോഷമെന്നത് ചെല്ലപ്പേര്, ആഭാസത്തിന്റെ അരങ്ങേറ്റം' എന്ന പേരിൽ 27.12.21 ൽ ലേഖനം പ്രസിദ്ധീകരിച്ചു. ജെനിസ് മീഡിയയുടെ യൂ ട്യൂബ് ചാനലിൽ 'ഇതു നാണക്കേട്' എന്ന തലക്കെട്ടിൽ ഇതേ വിഷയത്തെ ആസ്പദമാക്കി ചെയ്ത പ്രഭാഷണത്തിന് ആദ്യദിനം തന്നെ 25,000 ത്തിലധികം പേർ ശ്രോതാക്കളായി.

**5. സംസ്ഥാന സെക്രട്ടേറിയറ്റ്**

13.01.22 ന് പാലാരിവട്ടം പി.ഒ.സി.യിൽ അരങ്ങേറിയ മദ്യവിരുദ്ധസമിതിയുടെ സംസ്ഥാന സെക്രട്ടേറിയറ്റിൽ തൃശൂർ, പാലക്കാട്, ഇരിങ്ങാലക്കുട, കോട്ടപ്പുറം, രാമനാഥപുരം, സുൽത്താൻപേട്ട് എന്നീ രൂപതകളുടെ മേഖലാ കൺവീനറായ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സംബന്ധിക്കുകയുണ്ടായി. മാർച്ച് 20–ാം തീയതിയിലെ മദ്യവിരുദ്ധ ഞായർ സന്ദേശത്തിന്റെ ഡ്രാഫ്റ്റ് ദേവസ്സിയച്ചൻ തയ്യാറാക്കി അവതരിപ്പിച്ചത് സെക്രട്ടേറിയറ്റ് അംഗീകരിച്ചു.

**6. മധ്യമേഖലാ സമ്മേളനം**

16.01.22 ൽ തൃശൂർ അതിരൂപത മദ്യവിരുദ്ധസമിതി ഓഫീസിൽ വച്ച് മധ്യമേഖലാ സമ്മേളനം അരങ്ങേറി. 12 മണിക്ക് മധ്യമേഖല പ്രസിഡന്റ് ശ്രീ. മാത്യു കല്ലടിയിലിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനത്തിന് തൃശൂർ അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ സ്വാഗതവും ആമുഖ പ്രഭാഷണവും നടത്തി. സമ്മേളനത്തിന്റെ ഉദ്ഘാടകൻ മോൺ. ജോസ് വല്ലൂരാനായിരുന്നു. പാലക്കാട് രൂപത ഡയറക്ടർ ബഹു. ഫാ. ടോണി അറക്കൽ, ഇരിങ്ങാലക്കുട രൂപത ഡയറക്ടറും ആളൂർ നവചൈതന്യ ഡയരക്ടറുമായ ബഹു. ഫാ. ജോൺ പോൾ ഇയന്നം എന്നിവർ ലഹരി വിരുദ്ധ മേഖലകളിലെ പ്രവർത്തനങ്ങളും ആവശ്യകതയും സാധ്യതകളും വിവരിച്ച് സംസാരിച്ചു.

തൃശൂർ അതിരൂപതയെ പ്രതിനിധീകരിച്ച് സി.പി. ഡേവീസ്, പാലക്കാട് രൂപതയെ പ്രതിനിധീകരിച്ച് മാത്യു കല്ലാടിയിൽ, ഇരിങ്ങാലക്കുക രൂപതയെ പ്രതിനിധീകരിച്ച് സാബു എടാട്ടുകാരൻ എന്നിവർ തങ്ങളുടെ രൂപതകളിലെ പ്രവർത്തനങ്ങളെ വിവരിച്ചത് അംഗങ്ങൾക്ക് ഉത്തേജനം നൽകി. തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. തൃശൂർ അതിരൂപത ഭാരവാഹികളായ സിജോ ഇഞ്ചോടിക്കാരൻ മേഖല സെക്രട്ടറിയായും കൊച്ചുവർക്കി തരകൻ വൈസ് പ്രസിഡന്റായും തിരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികൾക്ക് പ്രവർത്തന വിജയാശംസകൾ! മുൻ സംസ്ഥാന സെക്രട്ടറിയായ ജോസ് ചെമ്പിശ്ശേരി ഉൾപ്പെടെ സ്തുത്യർഹമായ സേവനം കാഴ്ച വെച്ച മുൻ മേഖലാ ഭാരവാഹികൾക്ക് യോഗം നന്ദിയർപ്പിച്ചു. തൃശൂർ, ഇരിങ്ങാലക്കുട, പാലക്കാട് എന്നീ രൂപതകളിൽ നിന്നുമായി 20 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**7. എഡിറ്റോറിയൽ / കോർ കമ്മിറ്റി മീറ്റിങ്ങ്**

28.01.22 ൽ ചേർന്ന യോഗത്തിൽ വച്ച് 24-ാമത് സ്മരണിക - അതിജീവനം - ത്തിന്റെ പ്രകാശനം നിർവ്വഹിക്കുന്നതിനെക്കുറിച്ച് ആലോചന നടത്തി. ജനുവരി 30 ന് തീരുമാനിച്ച പ്രകാശനകർമ്മം കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ മറ്റൊരു അവസരത്തിലേക്ക് മാറ്റി.

മധ്യമേഖല സമ്മേളനത്തെപ്പറ്റി വിശകലനം ചെയ്യുകയും വിജയകരമായി ചിട്ടപ്പെടുത്തിയ കോർ കമ്മിറ്റിയെ അഭിനന്ദിക്കുകയും ചെയ്തു. പ്രസിഡന്റ് സി.പി. ഡേവീസ് വാർഷിക കർമ്മപദ്ധതിയുടെ കരട് അവതരിപ്പിച്ചു. പൂർണ്ണരൂപം നൽകുന്നതിന് കൂടുതൽ നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നതാണ്. കോർ കമ്മിറ്റിയിലേയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലേയും അംഗങ്ങളിൽ ഹാജർ നില കുറവായവരിൽ നിന്നും വിശദീകരണം തേടിയതിന്റെ ഫലമായി പുതിയ അംഗങ്ങളെ കണ്ടെത്തുന്നതിന് തീരുമാനിച്ചു.

08.02.22 ൽ കോടന്നൂർ ബാർ വിരുദ്ധ പൗരസമിതി സംഘടിപ്പിക്കുന്ന കരിദിനാചരണത്തിൽ മദ്യവിരുദ്ധസമിതി പ്രവർത്തകർ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് ആഹ്വാനം ചെയ്തു.

**8. കരിദിനാചരണം**

കോടന്നൂരിൽ ബാറിന് ലൈസൻസ് നൽകിയ സർക്കാർ നയത്തിൽ പ്രതിഷേധിച്ച് വാർഷികദിനമായ 08.02.22 ന് പ്ലക്കാർഡുകളും പിടിച്ച് നടത്തിയ പ്രതിഷേധ ധർണ്ണയിൽ പ്രസിഡന്റ് സി.പി. ഡേവീസ്, ടി.എസ്. എബ്രാഹം, ഐ.ജെ. സിജോ, കൊച്ചുവർക്കി ടി.ടി., വി.ഐ. ജോസ് എന്നീ അതിരൂപത ഭാരവാഹികൾ പങ്കെടുത്തു. തുടർന്നു നടന്ന സമ്മേളനത്തെ അതിരൂപത ഭാരവാഹികൾ അഭിസംബോധന ചെയ്ത് പ്രസം

ഗിക്കുകയും ചെയ്തു.

അതിരൂപത ഡയറക്ടർ ബഹു. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ, വടക്കാഞ്ചേരി ഫൊറോന പ്രൊമോട്ടർ ബഹു. ഫാ. പ്രിന്റോ കിഴക്കേ കണ്ണഞ്ചിറ, ഒല്ലൂർ ഫൊറോന പ്രൊമോട്ടറും കോടന്നൂർ ഇടവക വികാരിയുമായ ബഹു. ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ എന്നീ ബഹു. വൈദികരും അതിരൂപതയിലെ 25 ലധികം യൂണിറ്റുകളിലെ പ്രവർത്തകരും കരിദിനാചരണത്തിൽ അണിനിരക്കുകയുണ്ടായി.

**9. ചേറൂർ യൂണിറ്റ് രൂപീകരണം**

ചേറൂർ വിജയപുരം ഇടവകയിൽ പുതിയ മദ്യവിരുദ്ധ യൂണിറ്റ് 13.02.22 ൽ സ്ഥാപിതമായി. ഇടവക വികാരിയായ ബഹു. അജിത് തച്ചോത്ത് അച്ചന്റെ സഹായ സഹകരണങ്ങളോടെ അതിരൂപത ഡയറക്ടറച്ചന്റെ മേൽനോട്ടത്തിലാണ് ചടങ്ങുകൾ നടന്നത്. അതിരൂപത പ്രസിഡന്റ് യൂണിറ്റ് സ്ഥാപനത്തിന്റെ നേതൃത്വം വഹിച്ചു. യൂണിറ്റിന് താഴെ പറയുന്നവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. പ്രസിഡന്റ് പി.എ. വർഗ്ഗീസ്, സെക്രട്ടറി എം.ജെ. സ്റ്റീഫൻ, ട്രഷറർ വിപിൻ പാലമുട്ടം. പുതുതായി ചാർജ്ജെടുത്ത ഭാരവാഹികൾക്കും അംഗങ്ങൾക്കും പുതിയ യൂണിറ്റിനും ആശംസകൾ നേരുന്നു.

**ശ്രീ. ജോസ് വടക്കേത്തല**
പി.ആർ.ഒ.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

# അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

**യാത്രയയപ്പ്**

അഞ്ച് വർഷക്കാലം തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറായിരുന്ന ഫാ. നൈസൺ ഏലന്താനത്തിന് യാത്രയയപ്പ് നൽകി. പ്രസിഡണ്ട് ജോർജ്ജ് ചിറമ്മൽ അധ്യക്ഷതവഹിച്ചു. ടോ ജോമാത്യു, ജോജു മഞ്ഞില, ബാബു ചിറ്റിലപ്പിള്ളി, ജോഷി വടക്കൻ, ഷിന്റോ മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

**ഐഡി കാർഡ്**

തൃശൂർ അതിരൂപതയിലെ ഇടവക പി.ആർ. ഒ .മാർക്കുള്ള ഐഡി കാർഡ് വിതരണം ഫാ. നൈസൺ ഏലന്താനത്ത് നിർവഹിച്ചു . ഫൊറോന കോഡിനേറ്റേഴ്സിനാണ് ഐഡി കാർഡ് ഏറ്റുവാങ്ങിയത്. അവ

ർ അതാതു ഫൊറാനകളിലെ ഇടവക പി.ആർ.ഒയ്ക്ക് വിതരണം ചെയ്യും.

**ഫാ സിംസൺ ചിറമ്മൽ പുതിയ ഡയറക്ടർ**

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിൻറെ പുതിയ ഡയറക്ടറായി ഫാ. സിംസൺ ചിറമ്മൽ ചുമതലയേറ്റു. പബ്ലിക് റിലേഷൻസ് വകുപ്പ് എക്സിക്യൂട്ടീവ് യോഗത്തിൽ വച്ച് അച്ചനെ ബൊക്കെ നൽകി സ്വീകരിച്ചു .

**പാരിഷ് ബുള്ളറ്റിൻ മത്സരം**

ഇടവക പാരിഷ് ബുള്ളറ്റിൻ മത്സരത്തിനുള്ള ബുള്ളറ്റിനുകൾ ആർച്ച് ബിഷപ്പ് സ്ഹൗസിൽ സമർപ്പിക്കേണ്ട തീയതി 2022 മാർച്ച് 31 വരെ നീട്ടിയിരിക്കുന്നു. മത്സരത്തിന്റെ വിശദ വിവരങ്ങൾ ജനുവരി മാസത്തെ അതിരൂപത ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

## പാസ്റ്ററൽ കൗൺസിൽ യോഗം

18–ാം പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാം യോഗം **2022 മാർച്ച് 12 ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ ഡി. ബി. സി. എൽ. സി. യിൽ**. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് ക്ഷണിക്കുന്നു.

18–ാം പാസ്റ്ററൽ കൗൺസിലിന്റെ 2022 വർഷത്തിലെ സമ്മേളനങ്ങൾ താഴെ പറയുന്ന തീയതികളിലായിരിക്കും നടത്തപ്പെടുന്നത്.

**മാർച്ച് 12, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 വരെ)**

**ജൂൺ 4, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 വരെ)**

**സെപ്തംബർ 10, ശനി (രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 1 വരെ)**

**നവംബർ 12, ശനി – അവാർഡ് ദിനം (ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ)**

**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

## മെത്രാന്മാരുടെ സിനഡ് 2023: അതിരൂപതാതല ഒരുക്കം

2023 ഒക്ടോബറിൽ സാർവ്വത്രികസഭാതലത്തിൽ ഫ്രാൻസിസ് പാപ്പ വിളിച്ചുചേർത്ത മെത്രാൻമാരുടെ സിനഡിനെക്കുറിച്ച് നിങ്ങൾ അറിഞ്ഞുകാണുമല്ലോ. **സിനഡൽ സഭക്കായ്: കൂട്ടായ്മയും പങ്കാളിത്തവും മിഷനും** എന്നതാണ് സിനഡിന്റെ വിഷയം. സ്നേഹത്തിലും കൂട്ടായ്മയിലും കൂട്ടുത്തരവാദിത്തത്തിലും ഒരുമിച്ച് യേശുമാർഗ്ഗത്തിൽ തീർത്ഥാടനം ചെയ്യുന്ന കുടുംബമായി സഭയെ വളർത്തുക എന്നതാണ് സിനഡൽ പ്രവർത്തനങ്ങളിലൂടെ ഫ്രാൻസിസ് പാപ്പയും സഭ മുഴുവനും ആഗ്രഹിക്കുന്നത്. അതോടൊപ്പം തന്നെ, 2022 മുതൽ 2025 വരെ, നവീകരണ വർഷമായി സഭയിലും സമൂഹത്തിലും കുടുംബങ്ങളിലും ആചരിക്കാൻ കേരള മെത്രാൻ സമിതിയും (കെ. സി. ബി. സി) ആഹ്വാനം ചെയ്തിട്ടുണ്ട്. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ജൂബിലിയും ഈ വർഷമാണ് (AD 72–2022 :1950 വർഷങ്ങൾ). കൂടാതെ 2025 സാർവ്വത്രിക സഭയിലെ ജൂബിലി വർഷമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിട്ടുണ്ട്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും സമർപ്പിത സമൂഹങ്ങളിലും സാമൂഹിക- സാംസ്ക്കാരിക-ജീവകാരുണ്യ പ്രവർത്തന മേഖലകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലും ഇതുമായി ബന്ധപ്പെട്ട്, പ്രാർത്ഥനയിൽ ആശ്രയിച്ച്, ദൈവഹിതം തിരിച്ചറിയാനുള്ള സമ്മേളനങ്ങളും പങ്കുവെക്കലുകളും അഭിപ്രായ ശ്രവണങ്ങളുമുണ്ടാകണമെന്ന് പരിശുദ്ധ സിംഹാസനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രാഥമിക ഒരുക്കങ്ങൾക്കുശേഷം ഒരു പ്രി-സിനഡൽ അസംബ്ലിയും നടത്തേണ്ടതുണ്ട്. ഇതിന്റെ അതിരൂപതാതല പ്രവർത്തനങ്ങൾ, **2022 ഫെബ്രുവരി 24, വ്യാഴാഴ്ച്ച ഉച്ചതിരിഞ്ഞ് 3. 30 ന്** പ്രാർത്ഥനാ ശുശ്രൂഷയോടെ ആരംഭിച്ചു. ഇടവക/മറ്റു തലങ്ങളിലെ പ്രവർത്തനങ്ങൾ **2022 മാർച്ച് 6 ഞായറാഴ്ച്ച** ആരംഭിക്കേണ്ടതാണ്. ഫൊറോനവികാരിമാരുടെയും പ്രിസ്ബിറ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്തയോഗത്തിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങൾ ഒരു സർക്കുലറിലൂടെ വിശദമാക്കുന്നതാണ്. എല്ലാ ബഹു. വൈദികരും സമർപ്പിതരും അല്മായ നേതാക്കളും എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുകയും നേതൃത്വം നല്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഒന്നായ് ഒരേ കുടുംബമായ് പ്രത്യാശയോടെ നവീകൃത സഭയായി വളരാൻ നമുക്ക് പരിശ്രമിക്കാം.

# ആദരാഞ്ജലികൾ



## റവ. ഫാ. ആന്റണി തോട്ടാൻ

**ജനനം : 05.09.1940**
**തിരുപ്പട്ടം : 16.02.1967**
**മരണം : 30.01.2022**



## റവ. ഫാ. ജോസ് ടി. ചിറ്റിലപ്പിള്ളി

**ജനനം : 28.07.1950**
**തിരുപ്പട്ടം : 06.03.1977**
**മരണം : 31.01.2022**



Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

**₹ 25/-**
Date of Publication 24.02.2022
**March- 2022**



2022 ഫെബ്രുവരി 15ന്

**മെത്രാപ്പോലീത്തപദവിയിൽ 25 വർഷങ്ങൾ**

**പൂർത്തീകരിച്ച അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിന് പ്രാർത്ഥനാശംസകൾ**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor